# മലങ്കരസഭാദീപം

A FORTNIGHTLY WITH ECUMENICAL VISION

വാല്യം 18 | ലക്കം 10 | പേജ് 8 | മാർച്ച് 16 – 31



2 സൂര്യതേജസ്സ് മുതൽ സാഗരഗർജ്ജനം വരെ

3 ആ ശബ്ദം എന്നും മുഴങ്ങും

4 ഇത് ഓർത്ത ഡോക്സ് സഭയ്ക്ക് യോജിച്ചതോ

7 സണ്ടേസ്ക്കൂൾ പ്രസ്ഥാനം നടത്തുന്ന സഹപാഠ്യമത്സരങ്ങൾ


# പിറവം തെരഞ്ഞെടുപ്പിൽ ഓരോ ദിവസവും മാറിയും മറിഞ്ഞും വ്യക്തതയില്ലാതെയും പരസ്പരവിരുദ്ധവുമായ നിലപാടുകൾ സ്വീകരിച്ച് ഓർത്തഡോക്സ് സഭ

## യു.ഡി.എഫ്. അനുകൂല നിലപാടുമായി ഓർത്തഡോക്സ് സഭ

### ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായി തുടരണമെന്നാണ് ഓർത്തഡോക്സ് സഭയുടെ ആഗ്രഹമെന്ന് വൈദികട്രസ്റ്റി

മൂവാറ്റുപുഴ : പിറവം തെരഞ്ഞെടുപ്പിൽ യു.ഡിഎഫ് സ്ഥാനാർത്ഥി അനൂപ് ജേക്കബിനെ പിന്തുണച്ച് ഓർത്തഡോക്സ് സഭ ഉമ്മൻ ചാണ്ടി സർക്കാരിനെ അനുകൂലിക്കുന്ന നിലപാടിലേക്ക് മാറുന്നതായി സൂചനകൾ ലഭിക്കുന്നു. കഴിഞ്ഞ ദിവസം ഒരു ടി.വി. ചാനലിനു നൽകിയ അഭിമുഖത്തിൽ ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായി തുടരണമെന്നാണ് ഓർത്തഡോക്സ് സഭയുടെ ആഗ്രഹമെന്ന് വൈദികട്രസ്റ്റി ഫാ.ഡോ.ജോൺസ് ഏബ്രഹാം കോനാട്ട് പ്രസ്താവിച്ചു. യു.ഡിഎഫ് നേതൃത്വവുമായി ഓർത്തഡോക്സ് സഭാനേതൃത്വത്തിലുള്ള ചിലർ ഉണ്ടാക്കിയിരിക്കുന്ന രഹസ്യധാരണയുടെ അടിസ്ഥാനത്തിലാണ് വൈദികട്രസ്റ്റി ഇങ്ങനെ ഒരു അഭിപ്രായം പ്രകടിപ്പിച്ചതെന്നാണ് പൊതുവെ പറയപ്പെടുന്നത്.

വൈദികട്രസ്റ്റി സ്ഥാനത്തേക്കുള്ള തെരഞ്ഞെടുപ്പിനു മുമ്പ് തന്നെ യു.ഡി.എഫുമായി ഈ ധാരണ ഉണ്ടായതായാണ് അറിയുന്നത്.

കോലഞ്ചേരി പള്ളി പ്രശ്നത്തിൽ ഉമ്മൻ ചാണ്ടി സർക്കാർ മലങ്കരസഭയെ വഞ്ചിച്ചു എന്നായിരുന്നു ഇതുവരെയും സഭയുടെ നിലപാട്. പിറവം തെരഞ്ഞെടുപ്പിൽ യു.ഡി.എഫിനെ പരാജയപ്പെടുത്തുമെന്ന് പല നേതാക്കന്മാരും പല വേദികളിലും പ്രസ്താവിച്ചിരുന്നു. കോലഞ്ചേരി പ്രശ്നത്തിന്റെ പേരിൽ സത്യാഗ്രഹവും ഉപരോധവും ഒക്കെ നടന്നു. മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ വീട്ടിലേക്കും, മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണന്റെ ഓഫീസിലേക്കും ഓർത്തഡോക്സുകാർ പ്രതിഷേധ മാർച്ച് നടത്തി. സർക്കാരിനെതിരെയുള്ള നടപടികളുടെ ഭാഗമായി പലയിടത്തും റോഡ് തടയലും പ്രതിഷേധ റാലികളും നടന്നു. യു.ഡി.എഫിനെതിരെയുള്ള വികാരമായിരുന്നു സഭാനേതൃത്വത്തിൽ പൊതുവെ ഉണ്ടായിരുന്നത്. പിറവത്ത് യു.ഡി.എഫിനെതിരായി ശക്തമായ നിലപാട് ഓർത്തഡോക്സ് സഭ സ്വീകരിക്കുമെന്നായിരുന്നു നേരത്തെ ഉണ്ടായിരുന്ന വിലയിരുത്തൽ. എന്നാൽ വൈദികട്രസ്റ്റി തെരഞ്ഞെടുപ്പിൽ യു.ഡി.എഫ് അനുകൂല അസോസിയേഷൻ അംഗങ്ങൾ സഭാനേതൃത്വത്തിന്റെ അഭിപ്രായത്തിനെതിരെ നിലപാട് സ്വീകരിക്കുമെന്നും കോനാട്ടച്ചന് എതിരെ വോട്ടുചെയ്യുമെന്നുമുള്ള അഭിപ്രായം പ്രചരിച്ചു. അതു മനസ്സിലാക്കി കോനാട്ടച്ചൻ യു.ഡി.എഫ് നേതൃത്വവുമായി രഹസ്യധാരണയിലെത്തിയെന്നും യു.ഡി.എഫ് അനുഭാവികൾ അദ്ദേഹത്തിന് വോട്ടുചെയ്തുവെന്നുമാണ് ഇപ്പോൾ മനസ്സിലാകുന്നത്.

ഇതിന്റെ പ്രത്യോപകാരം എന്ന നിലയിലാണ് ഉമ്മൻ ചാണ്ടി സർക്കാർ നിലനിൽക്കേണ്ടത് ആവശ്യമാണെന്ന പ്രസ്താവനയുമായി കോനാട്ട് അച്ചൻതന്നെ രംഗത്തുവന്നിരിക്കുന്നതെന്ന് പറയപ്പെടുന്നു.

കോലഞ്ചേരി പ്രശ്നത്തിൽ സർക്കാർ സ്വീകരിച്ച വഞ്ചനാപരമായ നിലപാട് മറന്ന് വൈദികട്രസ്റ്റി തെരഞ്ഞെടുപ്പിൽ വോട്ടുലഭിക്കാൻ വേണ്ടി യു.ഡി.എഫിന് അനുകൂലമായ നിലപാടിലേക്ക് മാറിയതിനെതിരെ വടക്കൻ ഭദ്രാസനങ്ങളിൽ വ്യാപകമായ പ്രതിഷേധം ഉയർന്നു. പാമ്പാക്കുടയിലേക്ക് ഓർത്തഡോക്സുകാർ പ്രതിഷേധ മാർച്ച് നടത്തുമെന്നും കോനാട്ടച്ചനെതിരെ കരിങ്കൊടി ഉയർത്തുമെന്നും ഒക്കെയുള്ള പ്രചരണമുണ്ടായി. പിറ്റേ ദിവസം കോനാട്ടച്ചന്റെ നേതൃത്വത്തിൽതന്നെ വീണ്ടും പത്രസമ്മേളനം വിളിച്ച് ഓർത്തഡോക്സുകാർ മനസാക്ഷിക്കനുസരിച്ച് വോട്ടുചെയ്യുമെന്നുള്ള പ്രസ്താവന ഇറക്കി. ഉമ്മൻ ചാണ്ടി സർക്കാർ സഭയെ വഞ്ചിച്ചുവെന്നു പറഞ്ഞിരുന്ന കർശന നിലപാടിൽനിന്നു മാറി യു.ഡി.എഫിനോടും ഉമ്മൻ ചാണ്ടി സർക്കാരിനോടും ഓർത്തഡോക്സ് സഭ ഇപ്പോൾ മൃദുസമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. ഓർത്തഡോക്സ് സഭയുടെ അനുകൂല നിലപാട് പിറവത്ത് യു.ഡി.എഫ്. സ്ഥാനാർത്ഥി അനൂപ് ജേക്കബിന്റെ വിജയത്തിന് സഹായകമാകുമെന്ന് വിലയിരുത്തപ്പെടുന്നു.

> ഓർത്തഡോക്സ് സഭ ഉമ്മൻ ചാണ്ടി സർക്കാരിന് അനുകൂലമായ നിലപാടിലേക്ക്
>
> വൈദികട്രസ്റ്റി തെരഞ്ഞെടുപ്പിൽ യു.ഡി.എഫ്. പിന്തുണ ലഭിക്കാൻ ശ്രമം നടത്തിയതായി ആരോപണം.

## യു.ഡി.എഫ്. സർക്കാർ മലങ്കരസഭയെ വഞ്ചിച്ചുവെന്ന് മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ

ആലുവ : തൃക്കുന്നത്ത് സെമിനാരി വിഷയത്തിൽ മലങ്കരസഭയെ യു.ഡി.എഫ്. സർക്കാർ വഞ്ചിച്ചുവെന്ന് സുന്നഹദോസ് സെക്രട്ടറി മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ പ്രസ്താവിച്ചു. മന്ത്രി കെ. ബാബുവിന്റെ നേതൃത്വത്തിലാണ് സഭയെ വഞ്ചിച്ചതെന്നും ഇതിന് സർക്കാർ വലിയ വില നൽകേണ്ടിവരുമെന്നും മാർ സേവേറിയോസ് പറഞ്ഞു. പിറവം തെരഞ്ഞെടുപ്പിൽ സർക്കാരിനെതിരായുള്ള കണ്ടനാട് വെസ്റ്റ് ഭദ്രാസന മെത്രാപ്പോലീത്തായുടെ പ്രസ്താവനയ്ക്ക് ഓർത്തഡോക്സ് സഭാംഗങ്ങളുടെ ഇടയിൽ ചലനം സൃഷ്ടിക്കാൻ സാധിക്കും എന്ന് വിലയിരുത്തപ്പെടുന്നു.

## ശ്രേഷ്ഠ ബാവാ തൃക്കുന്നത്ത് സെമിനാരിയിൽ കയറി കുർബ്ബാന അർപ്പിക്കുന്നതിന്റെ ദൃശ്യങ്ങൾ ടി.വി. ചാനലുകൾ പുറത്തുവിട്ടു

കോട്ടയം : തൃക്കുന്നത്ത് സെമിനാരി പെരുന്നാളിനോടനുബന്ധിച്ച് 2012 ജനുവരി 25-ാം തീയതി ശ്രേഷ്ഠ ബാവായും യാക്കോബായ സഭയിലെ മെത്രാപ്പോലീത്തന്മാരും വൈദികരും തൃക്കുന്നത്ത് സെമിനാരിയിൽ പ്രവേശിച്ച് കുർബ്ബാന അർപ്പിക്കുന്നതിന്റെ ദൃശ്യങ്ങൾ ഇന്ത്യാവിഷൻ ടി.വി. ചാനലും

(ശേഷം പേജ് 3-ൽ)

## നന്ദിയും അഭിനന്ദനങ്ങളും

ഒരിക്കൽക്കൂടി വൈദികട്രസ്റ്റി സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ട ഫാ.ഡോ.ജോൺസ് ഏബ്രഹാം കോനാട്ടിന് അഭിനന്ദനങ്ങൾ.

വൈദികട്രസ്റ്റി സ്ഥാനത്തേക്ക് വളരെ വാശിയേറിയ ഒരു തെരഞ്ഞെടുപ്പാണ് നടന്നത്. ഞാനും ബഹു.കോനാട്ട് അച്ചനും തമ്മിൽ നേരിട്ട് നടന്ന മത്സരത്തിൽ എന്നേക്കാൾ 200-ഓളം വോട്ടുകൾ കൂടുതൽ ലഭിച്ച് അദ്ദേഹം വിജയിച്ചു. അദ്ദേഹം വൈദികട്രസ്റ്റിസ്ഥാനത്ത് തുടരണമെന്നാണ് ഭൂരിപക്ഷം സഭാംഗങ്ങളുടെയും ആഗ്രഹമെന്ന് മനസ്സിലാക്കുന്നു.

മുമ്പൊരിക്കലും നടന്നിട്ടില്ലാത്ത രീതിയിൽ ഔദ്യോഗിക സംഘടനാബലത്തെ , സംവിധാനങ്ങളെ ഉപയോഗിക്കുകയും പലതലത്തിൽനിന്നും കുപ്രചരണങ്ങൾ അഴിച്ചുവിടുകയും സ്വഭാവഹത്യ നടത്തുകയും ചെയ്തിട്ടും തിരുമേനിമാരും, വൈദികരും, മാനേജിംഗ് കമ്മിറ്റി അംഗങ്ങളുമുൾപ്പെടെ ഇത്രയധികംപേർ അതായത് മൊത്തത്തിൽ 45 ശതമാനത്തിലധികം പേർ എനിക്കു വോട്ടു ചെയ്തു എന്നുള്ളതും സാധുവായ വോട്ടുകളുടെ 49 ശതമാനവും എനിക്കു ലഭിച്ചു എന്നുള്ളതും എന്നെ സന്തോഷിപ്പിക്കുകയും അഭിമാനംകൊള്ളിപ്പിക്കുകയും ചെയ്യുന്നു. ഇവിടെ വിജയവും തോൽവിയും വെറും സാങ്കേതികം മാത്രം.

നിലവിൽ ഉണ്ടായിരുന്ന വൈദികട്രസ്റ്റിയും, അത്മായട്രസ്റ്റിയും അസോസിയേഷൻ സെക്രട്ടറിയും ഭൂരിപക്ഷം വർക്കിംഗ് കമ്മിറ്റി അംഗങ്ങളും, സുന്നഹദോസ് സെക്രട്ടറിയും പരസ്യമായി തന്നെ എനിക്കെതിരായ നിലപാടാണ് സ്വീകരിച്ചത്. ഔദ്യോഗിക മെഷിനറികൾ മുഴുവൻ ഒരളവുവരെ എനിക്കെതിരായി ഉപയോഗിച്ചു. അസോസിയേഷൻ യോഗസ്ഥലത്തെ പ്രകടനങ്ങൾപോലും ഔദ്യോഗിക സ്ഥാനികൾക്ക് അനുകൂലമായിരുന്നു. കോനാട്ടച്ചൻതന്നെ തുടരേണ്ടത് സഭയുടെ ആവശ്യമാണെന്ന് ഔദ്യോഗികചുമതല വഹിക്കുന്ന പലരും പലതരത്തിൽ പല വിശദീകരണങ്ങളും നൽകി. ചുമതലപ്പെട്ടവരെല്ലാവരും നിഷ്പക്ഷത പുലർത്തിയ ഒരു തെരഞ്ഞെടുപ്പാണ് നടന്നതെന്ന് പറയാൻ സാധിക്കുകയില്ല. എങ്കിൽതന്നെയും ഇത്രയധികം ജനങ്ങൾ എന്നെ പിന്തുണച്ചത് നിസ്സാരമായി ഞാനും എന്നോടൊപ്പം നിൽക്കുന്ന വൈദികരും സഭാമക്കളും കരുതുന്നില്ല. പിന്തുണയും പ്രോത്സാഹനവും തന്ന എല്ലാവരോടുമുള്ള പ്രത്യേകിച്ച് അസോസിയേഷൻ അംഗങ്ങളോടുള്ള ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു. കോനാട്ടച്ചൻ തുടരേണ്ടത് വടക്കരുടെ ആവശ്യമാണ് എന്ന രീതിയിൽ പ്രാദേശിക വികാരം ആളിക്കത്തിച്ച് വടക്കൻ ഭദ്രാസനങ്ങളിൽനിന്ന് അദ്ദേഹം വോട്ടുകൾ കരസ്ഥമാക്കി.

തുമ്പമൺ, കൊല്ലം തുടങ്ങിയ ഭദ്രാസനങ്ങൾ വളരെ ശക്തമായി എന്നെ പിന്തുണച്ചു എന്നതിനു സംശയമില്ല. അവിടെനിന്നുള്ള വൈദികരോടും അസോസിയേഷൻ അംഗങ്ങളോടുമുള്ള നന്ദി നിസീമമാണ്. നാമമാത്രമായ വോട്ടുകൾക്ക് തെരഞ്ഞെടുപ്പിൽ ഞാൻ പരാജിതനായെങ്കിലും നിങ്ങൾ കാണിച്ച ആഴമായ പിന്തുണയ്ക്ക് ഞാൻ എന്നും കടപ്പെട്ടവനാണ് നിങ്ങളുടെ സ്നേഹത്തിന്റെയും പിന്തുണയുടെയും മുമ്പിൽ ഇരുനൂറ് വോട്ടുകൾ ഒന്നുമല്ല. തുടർന്നും നിങ്ങളുടെ പ്രാർത്ഥനയും പിന്തുണയും എനിക്കുണ്ടാകുമെന്ന ഉത്തമ ബോധ്യം എനിക്കുണ്ട്.

സഭാമാനേജിംഗ് കമ്മിറ്റി അംഗമായി ഒരിക്കൽക്കൂടി എന്നെ തെരഞ്ഞെടുത്ത യു.കെ.യൂറോപ്പ് ആഫ്രിക്ക ഭദ്രാസന മെത്രാപ്പോലീത്താ ഡോ.മാത്യൂസ് മാർ തീമോത്തിയോസ് തിരുമേനിയോടും വൈദികരോടും പ്രതിനിധികളോടുമുള്ള നന്ദിയും അറിയിക്കുന്നു. എന്നെ സ്നേഹിക്കുകയും പിന്തുണയ്ക്കുകയും ചെയ്യുന്ന സഭാംഗങ്ങളോടൊപ്പം എന്നും ഞാനുണ്ടാകും.

**ഫാ.ഡോ.എം.ഒ.ജോൺ**

## ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ 30–ാംദിന അടിയന്തിരം പരുമലയിൽ

പരുമല : കാലംചെയ്ത ഡോ.ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ 30-ാംദിന അടിയന്തിരം മാർച്ച് 17-ാം തീയതി പരുമല സെമിനാരിയിൽ ആചരിക്കും. രാവിലെ 8ന് പ.കാതോലിക്കാ ബാവായുടെ പ്രധാന കാർമ്മികത്വത്തിൽ വി.കുർബ്ബാന. തുടർന്ന് നടക്കുന്ന അനുസ്മരണ സമ്മേളനം പ.ദിദിമോസ് പ്രഥമൻ വലിയ ബാവാ ഉദ്ഘാടനം ചെയ്യും. ഒസ്താത്തിയോസ് മെത്രാപ്പോലീത്തായെക്കുറിച്ചുള്ള ഡോക്യുമെന്ററി പ.കാതോലിക്കാ ബാവാ പ്രകാശനം ചെയ്യും.

# സൂര്യതേജസ്സ് മുതൽ സാഗരഗർജ്ജനം വരെ

മാധ്യമ ദീപം

ഫാ.സി.ഡി.തോമസ്
വടകോട്

### സൂര്യതേജസ്സ്

സൂര്യതേജസ്സോടൊരാൾ എന്ന കുറിപ്പോടെ കാലംചെയ്ത പ.മാത്യൂസ് ദ്വിതീയൻ ബാവായുടെ മനോഹരചിത്രം കവർപേജാക്കിയാണ് പൗരസ്ത്യതാരം ജനുവരിലക്കം ഇറങ്ങിയിരിക്കുന്നത്. പൗരസ്ത്യതാരം മാസിക തുടങ്ങിയതും പ.ബാവാ കൂറിലോസ് തിരുമേനിയായി കൊല്ലം ഭദ്രാസന ചുമതലയിൽ ആയിരുന്നപ്പോഴാണ് എന്നതും സ്മരണീയമത്രെ. മാസികയുടെ പ്രിന്റർ ആന്റ് പബ്ലിഷർ ആയി പത്തുവർഷത്തിലധികം പ്രവർത്തിക്കുവാൻ ഈ ലേഖകനും അവസരം ലഭിച്ചിരുന്നുവെന്നത് നന്ദിയോടെ ഓർക്കുന്നു. പ്രസിദ്ധീകരണങ്ങൾ നടത്തിക്കൊണ്ടു പോകുന്നത് ദുഷ്കരമായ ഇന്നത്തെ കാലത്ത് മാസിക മുടങ്ങാതെ ഇന്നും ഭംഗിയായി ഇറങ്ങുന്നതിൽ പ.ബാവായുടെ മദ്ധ്യസ്ഥത തീർച്ചയായും ഉണ്ട്. ഇപ്പോഴത്തെ പബ്ലിഷർ ഫാ.വി.തോമസ് പട്ടാഴി അഭിനന്ദനം അർഹിക്കുന്നു.

എഡിറ്റോറിയലും ഇടയന്ദേശവും പ.ബാവായെക്കുറിച്ചുതന്നെയാണ്. കൂടാതെ ആരാധനയിൽ ഏറെ സന്തോഷം കണ്ടെത്തിയ പിതാവ് എന്ന സഖറിയാ മാർ അന്തോണിയോസ് മെത്രാപ്പോലീത്തായുടെ ലേഖനവുമുണ്ട്. അതിൽ പ.ബാവായുടെ ഗുരുവായ പ.ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവാ പട്ടംകൊടവേളയിൽ നൽകിയ ഉപദേശങ്ങൾ പ.മാത്യൂസ് ദ്വിതീയൻ ബാവായും നൽകാറുള്ളത് ഉദ്ധരിക്കുന്നുണ്ട്. ഒന്നിതാണ്. എടോ ഇത് നേരിയതിൽ പൊതിഞ്ഞ തീക്കട്ടയാണ്. ഞാൻ പാതിവ്രത്യത്തോടെ ജീവിക്കുകയാണെങ്കിൽ ഇത് തന്നെ പ്രകാശിപ്പിക്കും. അല്ലെങ്കിൽ ഇത് തന്നെ ചുട്ടുകളയും.

ദൈവമാതാവിന്റെ ഏകാന്തപ്പടവും തിരുഹൃദയചിത്രവും എന്ന ലേഖനത്തിൽ മാതാവിന്റെ ഏകാന്തപ്പടം നാം ഉപയോഗിക്കാറില്ലെന്നും ഉണ്ണിയേശുവിനെ കൈകളിൽ വഹിക്കുന്ന മാതാവിന്റെ ചിത്രമാണ് ഉപയോഗിക്കേണ്ടതെന്നും സമർത്ഥിച്ചിട്ടുണ്ട്. പക്ഷെ മാസിക ലേ-ഔട്ട് ചെയ്തയാൾ അതിനോടൊപ്പം കൊടുത്തിരിക്കുന്ന ചിത്രം മാതാവ് മാത്രം ഉള്ളതാണ്. അതൊരു വിരോധാഭാസമായി തോന്നി. എഡിറ്റർ ജാഗ്രതൈ.

### രക്തത്തിന്റെ വില

ശാസ്ത്രം ജയിക്കുമ്പോൾ ദൈവം തോൽക്കുമോ എന്ന ശ്രദ്ധേയമായ എഡിറ്റോറിയൽ ഫെബ്രുവരി 5 ലക്കം സണ്ടേശേലോമിൽ കാണാം. പ്രപഞ്ചോൽപ്പത്തിക്ക് പിന്നിലെ ദൈവകണത്തെ കണ്ടെത്താനുള്ള പടപ്പുറപ്പാടിലാണിന്ന് ശാസ്ത്രം. പലർക്കും ശാസ്ത്രം പറയുന്നതാണ് വേദവാക്യം. ശാസ്ത്രം വളരുമ്പോൾ ദൈവവചനം നിസ്സാരവൽക്കരിക്കാനുള്ള ശ്രമവും മനുഷ്യൻ നടത്തുന്നത് എഡിറ്റോറിയൽ ചൂണ്ടിക്കാട്ടുന്നു.

മദ്യം വിറ്റ പണംകൊണ്ട് ഖജനാവ് നിറയ്ക്കരുത് എന്ന തലക്കെട്ടിൽ ഫ്രണ്ട് പേജിൽ കൊടുത്തിരിക്കുന്ന വാർത്താ വിശകലനം ശ്രദ്ധേയമാണ്. മദ്യപാനം കുമ്പസാരത്തിൽ ഏറ്റുപറയേണ്ട പാപമായി കെ.സി.ബി.സി. മദ്യവിരുദ്ധസമിതിയുടെ നയരേഖ ചൂണ്ടിക്കാട്ടുന്നുണ്ട്. അക്ഷരോപാസനയിലൂടെ ആത്മീയതയുടെ ആഴങ്ങൾ തേടിയ സുകുമാർ അഴീക്കോടിനെക്കുറിച്ചുള്ള രണ്ട് വൈദികരുടെ അനുസ്മരണം ഹൃദയസ്പർശിയാണ്.

മദ്യപാനം പാപമായി സഭ പ്രഖ്യാപിക്കണമെന്ന മദ്യവിരുദ്ധ സമിതി പ്രസിഡന്റ് ഒ.ഡി. തോമസിന്റെ പ്രതികരണം കത്തുകൾ പംക്തിയിലുണ്ട്. കൂടാതെ മാത്യു ജോസഫിന്റെ ഇത് രക്തത്തിന്റെ വില എന്ന കത്തുമുണ്ട്. അതിൽ രാഷ്ട്രപിതാവായ മഹാത്മാ ഗാന്ധി മദ്യവ്യാപാരത്തിൽനിന്നുള്ള നികുതി വരുമാനത്തെപ്പറ്റി പറയുന്നത് ഉദ്ധരിച്ചിട്ടുണ്ട്. അഭിശപ്തമായ ഈ വ്യാപാരത്തിൽനിന്ന് ധർമ്മവിരുദ്ധമായി ലഭിക്കുന്ന നികുതി നഷ്ടപ്പെടുന്നതിനെപ്പറ്റി അശേഷം ആശങ്ക വേണ്ട. സദാചാര വിരുദ്ധമായ ഒരു മാർഗ്ഗത്തിൽനിന്ന് ലഭിക്കുന്ന നികുതി ഉപയോഗിച്ച് നടത്തുന്ന വിദ്യാഭ്യാസം ഹീനമാണ്. ക്രമേണ നിർദോഷികളുടെ രക്തത്തിൽ പങ്കിലമാകുമ്പോൾ അത് ദുർഗന്ധം വമിച്ചു തുടങ്ങും. ഇന്ന് അതല്ലേ സമൂഹത്തിൽ കാണുന്നത്.

### ആത്മവിശ്വാസം

ഉണരട്ടെ ആത്മവിശ്വാസം എന്നതാണ് മാതൃഭൂമി ആരോഗ്യമാസിക ഫെബ്രുവരി ലക്കത്തിലെ പ്രധാന പ്രതിപാദ്യവിഷയം. ആത്മവിശ്വാസം അതല്ലേ എല്ലാം എന്ന ഡോ.സി.ജെ.ജോണിന്റെ ലേഖനത്തിൽ പറയുന്നു. ആത്മവിശ്വാസത്തോളം വലിയ ഔഷധം വേറെയില്ല. സ്വന്തം കരുത്തുകൾ തിരിച്ചറിയാനായാൽ ആ ദീപനാളങ്ങൾ തെളിഞ്ഞുവരും. ഏത് ദുർഘട വഴിയിലൂടെയും മുന്നേറാൻ സഹായിക്കുന്ന വെളിച്ചമായത് വളരും. കോമൺ കോംപ്ലക്സിന്റെയും കോന്തൻ കോംപ്ലക്സിന്റെയും ഇടയിലാണ് ശരിയായ ആത്മവിശ്വാസം. സ്വയം മതിപ്പും തന്റേടവും പരിശീലനത്തിലൂടെ നേടിയെടുക്കാനാവും. കുട്ടികളെ മാതാപിതാക്കളുടെ ചിറകിൻകീഴിൽ വളർത്തുന്ന രീതിയാണ് മലയാളികൾക്കിടയിൽ ആത്മവിശ്വാസമില്ലായ്മയെ ഒരു ജീവിതശൈലി ആക്കി മാറ്റുന്നത്. ആത്മവിശ്വാസം വാങ്ങാൻ കിട്ടില്ല. അതുണ്ടാക്കാൻ ഒറ്റമൂലികളുമില്ല. എന്നാൽ അതിന്റെ പാഠങ്ങൾ ആർക്കും പഠിക്കാനും ശ്രദ്ധയോടെ വളർത്തിക്കൊണ്ടുവരുവാനും കഴിയും. ശരിയായ കാര്യങ്ങൾ പേടിച്ചുവിറച്ചാണ് പറയുന്നതെങ്കിൽ ആരും ഗൗനിക്കില്ല. സ്വയം അദ്ധ്വാനിച്ച് നേടുന്ന ചെറിയ വിജയങ്ങൾപോലും ആത്മവിശ്വാസം കൂട്ടാൻ സഹായിക്കും. നിങ്ങൾ ആരുമാകട്ടെ. നന്നായി പെരുമാറിയില്ലെങ്കിൽ ഒരാളിൽനിന്നും സ്നേഹമോ ആദരവോ ലഭിക്കയില്ല. നിങ്ങളുടെ പെരുമാറ്റം എന്താണോ അതാണ് നിങ്ങൾ. തെറ്റ് ബോധ്യപ്പെട്ടാൽ അത് അംഗീകരിക്കുക. തെറ്റിൽനിന്ന് പാഠങ്ങൾ പഠിക്കുക.

വാക്കുകളേക്കാൾ വാചാലമാണ് ശരീരവും അതിന്റെ ഭാഷയും. ശരീരഭാഷയെ വരുതിയിലാക്കാൻ ആത്മവിശ്വാസമാർജ്ജിക്കണം. ആവശ്യത്തിനും സാഹചര്യത്തിനും ഇണങ്ങുന്ന അന്തസ്സുള്ള വേഷം വേണം തെരഞ്ഞെടുക്കാൻ. നട്ടെല്ല് നിവർത്തി തോളുകൾ വിടർത്തി ശക്തി സ്ഫുരിപ്പിക്കും വിധം വേണം നിൽപ്പ്. സൗഹൃദഭാവത്തിന്റെ അടയാളമാണ് പുഞ്ചിരി. അത് മനസ്സിൽനിന്ന് വരുമ്പോൾ കാണുന്നവരിലും സമാനമായ ഹൃദ്യഭാവം ജനിക്കും.

ശരീര സൗന്ദര്യത്തിലും നിറത്തിലും ഒന്നും വലിയ കാര്യമില്ല. അതേച്ചൊല്ലി അഹങ്കരിക്കുകയോ ആശങ്കപ്പെടുകയോ ചെയ്യേണ്ടതുമില്ല. പുറംമോടികളെല്ലാം ക്ഷണികമാണ്. എന്നാൽ ആത്മവിശ്വാസം നൽകുന്ന സൗന്ദര്യം ഒന്നു വേറെതന്നെ. മനുഷ്യന് ലഭിച്ച അമൂല്യമായ അനുഗ്രഹമാണ് സമയം. സമയത്തെ വരുതിയിലാക്കിയാലേ വിജയം നമ്മുടെ വഴിക്ക് വരൂ. അതിന് സമയകല സ്വായത്തമാക്കണം. ആറുമാസത്തിനുള്ളിൽ എത്തിച്ചേരാൻ ആഗ്രഹിക്കുന്ന ലക്ഷ്യം തിട്ടപ്പെടുത്തുക. ഓരോ ദിവസവും ചെറിയ മുന്നേറ്റങ്ങൾ നടത്തി ലക്ഷ്യത്തിലേക്ക് എത്തിച്ചേരുക. വിജയം സുനിശ്ചിതം.

### സ്നേഹദൂതൻ

കൊട്ടാരക്കര - പുനലൂർ ഭദ്രാസനത്തിന്റെ ഔദ്യോഗിക ജിഹ്വയായ സ്നേഹദൂതൻ ത്രൈമാസികയുടെ പ്രഥമ ലക്കം കൊട്ടാരക്കര കൺവൻഷനിൽവെച്ച് അഭി.സേവേറിയോസ് തിരുമേനി പ്രകാശനം ചെയ്തു. അഭി.തേവോദോറോസ് തിരുമേനി ആദ്യ കോപ്പി ഏറ്റുവാങ്ങി. ജനുവരി, ഏപ്രിൽ, ജൂലൈ, ഒക്ടോബർ മാസങ്ങളിൽ ത്രൈമാസിക പുറത്തിറങ്ങും. പ്രഥമ ലക്കത്തിൽതന്നെ അഭി.ഒസ്താത്തിയോസ് തിരുമേനി, ഫാ.ഡോ.കെ.എം.ജോർജ്, ഫാ. സ്പെൻസർ കോശി, പ്രൊഫ.ജോൺ കുരാക്കാർ തുടങ്ങിയ പ്രമുഖ എഴുത്തുകാർ അണിനിരന്നിട്ടുണ്ട്. ഇടയസന്ദേശവും എഡിറ്റോറിയലും കൂടാതെ വിശ്വാസപംക്തി, സാഹിത്യവിചാരം, ധ്യാനപീഠം, വചനവേദി, ബാലപംക്തി, യുവജനപംക്തി, വനിതാപംക്തി, വാർത്തകൾ തുടങ്ങിയവ ഉൾപ്പെടുത്തിയിട്ടുണ്ട്. ആദ്യലക്കം കെട്ടിലും മട്ടിലും വളരെ നന്നായിരിക്കുന്നു. ത്രൈമാസികയുടെ അണിയറശില്പികൾക്ക് അഭിനന്ദനങ്ങൾ.

### സ്വാഗതം അഭിനന്ദനം

മലങ്കര അസേസിയേഷൻ പ്രതിനിധികൾക്ക് സ്വാഗതവും അഭിനന്ദനവും നേർന്നുകൊണ്ടുള്ള നേർന്നുകൊണ്ടുള്ള ഫാ.ഡോ.എം.ഒ.ജോണിന്റെ ലേഖനമാണ് മലങ്കരസഭാദീപം ജനുവരി ദ്വിതീയ ലക്കത്തിന്റെ പ്രഥമ പേജിലുള്ളത്. അവർക്ക് നിർവ്വഹിക്കാനുള്ള അർത്ഥവത്തായ പങ്കിനെക്കുറിച്ച് അതിൽ ഓർമ്മിപ്പിക്കുന്നുണ്ട്. വിവിധ ദേവാലയങ്ങളിൽനിന്നുള്ള അസോസിയേഷൻ അംഗങ്ങളുടെ ഫോട്ടോകൾ പരമാവധി ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഫാ.ജോൺ റ്റി. വർഗീസ് കുളക്കടയുടെ ധ്യാനപീഠം ഹ്രസ്വവും സുന്ദരവുമാണ്. നവനവങ്ങളായ ചിന്തകൾ അതിലൂടെ ലഭിക്കുന്നു.

### അടുക്കള തിരിച്ചുപിടിക്കാം

വെള്ളരി, പാവൽ വിത്തുകളുടെ പായ്ക്കറ്റോടെയാണ് മനോരമ ആഴ്ചപതിപ്പ് ഫെബ്രുവരി 4 ലക്കം പുറത്തുവന്നത്. ശുഭചിന്ത പംക്തിയിൽ എഴുതിയിരിക്കുന്നു ആനന്ദം, സ്നേഹം, ബഹുമാനം, സംതൃപ്തി, വാശി, പക, വെറുപ്പ് എന്നിവ ഓരോരുത്തർക്കും എത്രയുണ്ടെന്ന് അളക്കാൻ ഉപകരണങ്ങളില്ല. അതൊന്നും മരുന്നുകൊണ്ട് മാറുന്നതുമല്ല. പക്ഷെ ആധ്യാത്മിക ചിന്തകൊണ്ട് അവയൊക്കെ നിയന്ത്രിക്കാനാവും. മക്കളെ നല്ല നിലയിൽ വളർത്തണമെന്ന് ആഗ്രഹിക്കുന്ന മാതാപിതാക്കൾ ഇക്കാര്യം ശ്രദ്ധിച്ചേപറ്റു. ഭൗതികമായ വളർച്ചയോടൊപ്പം മക്കളുടെ ആധ്യാത്മികതയുടെ കാര്യത്തിലും വിട്ടുവീഴ്ചയുണ്ടാവരുത്. ദാനം നാലാളെ അറിയിക്കാനോ എന്ന സ്വാമി ചിന്മയാനന്ദന്റെ വാക്കുകൾ ആചാര്യന്മാർ പറഞ്ഞ കഥ എന്ന പംക്തിയിൽ കൊടുത്തിരിക്കുന്നത് ചിരിയും ചിന്തയും ഉളവാക്കുന്നതാണ്. ശൂന്യവേളയിൽ ജോസ് പനച്ചിപ്പുറം എഴുതിയിരിക്കുന്നത് അടുക്കള തിരിച്ചുപിടിക്കാം എന്നാണ്. അമ്മ പെരുമാറുന്നയിടം എന്ന നിലയിൽ അടുക്കളയ്ക്ക് ഒന്നാം സ്ഥാനമായിരുന്നു പണ്ടൊക്കെ. കുടുംബത്തിൽ ഭക്ഷണം മാത്രമല്ല സ്നേഹവും വെച്ചുവിളമ്പുന്നത് അടുക്കളയിലായിരുന്നു. ഇൻസ്റ്റന്റ് ഭക്ഷണം നാട്ടുനടപ്പായതോടെ അടുക്കളയുടെ കഷ്ടകാലം തുടങ്ങി എന്ന് അതിൽ പരിതപിക്കുന്നു. നമ്മുക്ക് അടുക്കള വിഭവങ്ങളിൽ മറഞ്ഞിരിക്കുന്ന സ്നേഹവും ആരോഗ്യവും അതുവഴി ആയുസ്സും തിരിച്ചുപിടിക്കേണ്ടേ എന്ന ആഹ്വാനത്തോടെയാണ് കുറിപ്പ് അവസാനിപ്പിക്കുന്നത്.

### ദശമൂലങ്ങൾ

2011-ലേക്കുള്ള തിരിഞ്ഞുനോട്ടവും 2012-ലെ ഉത്തരവാദിത്വങ്ങളും ഓർമ്മിപ്പിക്കുന്ന എഡിറ്റോറിയൽ നവജ്യോതി മോംസ് സൊസൈറ്റി ന്യൂസായ നവോദയം ഏഴാം ലക്കത്തിൽ കാണാം. അത്യാർത്തിയുടെ പര്യായമായി മാറി പ്രകൃതിയിൽനിന്ന് അകന്നുപോയതിന്റെ പ്രത്യാഘാതങ്ങളനുഭവിച്ചുകൊണ്ടിരിക്കുന്ന നാം പ്രകൃതിയെ കൂടുതൽ സ്നേഹിക്കണമെന്ന ആഹ്വാനവും അതിലുണ്ട്.

പ.പാമ്പാടി തിരുമേനിയുടെ മൊഴികൾ ബോക്സിൽ കൊടുത്തിട്ടുണ്ട്. കൃഷിത്തോട്ടം പംക്തിയിൽ വിദേശത്തുനിന്ന് വന്ന് ഇവിടെ വേരുറപ്പിച്ച റംബൂട്ടാനെക്കുറിച്ചും ഗായകർക്ക് സ്വരമധുരം നൽകുന്ന മരുന്നായ പ്രകൃതിദത്ത ഒറ്റമൂലിയായ വയമ്പിനെക്കുറിച്ചും വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

ബാലൻസ് ഷീറ്റ് ഫോർ ലൈഫ് എന്ന് 20 കാര്യങ്ങൾ ഡാനിയേൽ വർഗീസ് എഴുതിയിരിക്കുന്നത് ശ്രദ്ധേയമാണ്. ആയൂർവേദത്തിലെ വളരെ പ്രധാനപ്പെട്ട ഔഷധയോഗമായ ദശമൂലത്തിൽ ഉപയോഗിക്കുന്ന ഒൻപതു ചെടികളുടെ വേരിനെയും ഒരു ചെടിയുടെ കായേയും കുറിച്ചുള്ള ലഘു വിവരണം വിജ്ഞാനപ്രദമാണ്. വലിയ പഞ്ചമൂലം എന്നറിയപ്പെടുന്ന അഞ്ച് വൃക്ഷങ്ങളാണ് കൂവളം, കുമിഴ്, മുഞ്ഞ, പാതിരി, പലകപ്പയ്യാനി എന്നിവ. ഇവയുടെ വേരാണ് ഔഷധാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത്. ചെറിയ പഞ്ചമൂലങ്ങളാണ് ഓരില, മൂവില, ചെറുവഴുതിന, ഞെരിഞ്ഞിൽ എന്നിവ, ഇവ ചെറുസസ്യങ്ങളാണ്. ഇതിൽ ഞെരിഞ്ഞിലിന്റെ ഫലവും മറ്റുള്ളവയുടെ വേരുമാണ് ഉപയോഗിക്കുന്നത്. സ്വയംതൊഴിൽ എന്ന ഹെഡ്ഡിംഗിൽ സോപ്പ് ഉണ്ടാക്കുന്ന വിധം വിവരിച്ചിട്ടുണ്ട്.

ആരോഗ്യം പഴഞ്ചൊല്ലിലൂടെ എന്ന കുറിപ്പിൽ വിരുദ്ധാഹാരങ്ങളെക്കുറിച്ച് കൊടുത്തിട്ടുണ്ട്. മോരും മീനും, നെയ്യും തേനും, പാലും പുളിരസവും, പച്ചക്കറിയും പാലും, കോഴിയിറച്ചിയും തൈരും, മോരും വാഴപ്പഴവും, ഞണ്ടുകറിയും തൈരും തുടങ്ങിയവ വിരുദ്ധാഹാരങ്ങളാണ്. മത്സ്യത്തിനൊപ്പം ഉഴുന്ന്, തേൻ, മുളപ്പിച്ച ധാന്യം എന്നിവ കഴിക്കുന്നതും ഹാനികരമത്രെ.

### ഓക്സിയോസ്

മാനേജിംഗ് കമ്മിറ്റി ഇലക്ഷൻ : ഞാൻ യോഗ്യൻ എന്ന് സ്വയം പ്രഖ്യാപിക്കുന്നവരെ ഒഴിവാക്കണമെന്ന തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായുടെ ലേഖനം മലങ്കര വാർത്ത എന്ന പ്രസിദ്ധീകരണത്തിന്റെ ഫ്രണ്ട് പേജിൽ പ്രാധാന്യത്തോടെ കൊടുത്തിട്ടുണ്ട്. തിരുമേനിയുടെ വലിയ ഫോട്ടോയോട് ചേർന്ന് ചെറിയ ലേഖനത്തിൽ ശ്രദ്ധേയമായ 11 നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്. അവസാനം പറയുന്നത് സഭാമാനേജിംഗ് കമ്മിറ്റി സ്ഥാനം ചിലർക്കു മാത്രം അവകാശപ്പെട്ടതല്ല. കഴിവുള്ളവരും ആത്മാർത്ഥതയുള്ളവരും സേവനതൽപ്പരരും ആയ എല്ലാവർക്കും അവസരം ലഭിക്കണം എന്നാണ് നിധി അലക്സ് എം.നൈനാൻ എഴുതിയിരിക്കുന്ന എഡിറ്റോറിയലിലെ പ്രമേയവും ഓർത്തഡോക്സ് സഭയ്ക്ക് പുതിയ മുഖച്ഛായ നൽകുന്നതിനു പുതുമുഖങ്ങളെ തെരഞ്ഞെടുക്കുക എന്നതാണ്.

### കണ്ണുനീർ

മലങ്കരസഭ മാസിക കെട്ടിലും മട്ടിലും നന്നായിട്ടുണ്ട്. അന്ത്യ അത്താഴവും വിവാദങ്ങളും എന്ന എഡിറ്റോറിയൽ അടുത്ത കാലത്തെ രാഷ്ട്രീയ സംഭവങ്ങളെ പരാമർശിക്കുന്നതാണ്. ദനഹാ ഒരു പുനർവിചിന്തനം എന്ന ഫാ.ഡോ.ടി.ജെ.ജോഷ്വായുടെ ലേഖനം ദനഹാപെരുന്നാളിന്റെ വിവിധ അർത്ഥതലങ്ങൾ വിവരിക്കുന്നു. ശുശ്രൂഷയിൽ കൂടുതൽ ജനപങ്കാളിത്തം ഉണ്ടാക്കാനുള്ള ഉപാധികളും നിർദ്ദേശിക്കുന്നുണ്ട്. ആമ്മീൻ എന്ന പദത്തെപ്പറ്റിയുള്ള പഠനമാണ് ഫാ.ഡോ.ജോർജ് കോശി നടത്തുന്നത്. മലങ്കരസഭാഭരണഘടനാ ഭേദഗതികളെക്കുറിച്ചാണ് വർഗീസ് ജോൺ തോട്ടപ്പുഴ എഴുതുന്നത്. ആധുനിക സമൂഹത്തിൽ മോശപ്പെട്ട വികാരപ്രകടനമായി പലരും കരുതുന്ന കണ്ണുനീരിന്റെ സവിശേഷതയെക്കുറിച്ചാണ് സ്ത്രൈണം പംക്തിയിൽ രോഹിണി വർഗീസ് എഴുതുന്നത്.

ചോദ്യം : ലോകത്തെ ഏറ്റവും വലിയ വേദന പ്രസവ വേദനയാണെന്നത്രെ. ദൈവം എന്തുകൊണ്ടാണ് ആ ഉത്തരവാദിത്വം സത്രീകൾക്കു നൽകിയത്?

ഉത്തരം : പുരുഷന്മാർ പ്രസവവേദന അനുഭവിച്ചാൽ അതോടെ പ്രസവം നിർത്തുമെന്ന് ദൈവത്തിന് തോന്നിക്കാണും.

# ആ ശബ്ദം എന്നും മുഴങ്ങും

ലീലാമ്മ ജേക്കബ് മണ്ണാറപ്രായിൽ

ആദ്ധ്യാത്മിക സാമൂഹിക സാംസ്ക്കാരിക മണ്ഡലങ്ങളിൽ കാന്തിചിന്തി ഉജ്ജ്വല താരമായി പരിലസിച്ചിരുന്ന സഭാരത്നം മാർ ഒസ്താത്തിയോസ് തിരുമേനി ഓർമ്മയായി. വാക്കും പ്രവർത്തിയും ആകുംവിധം സമന്വയിപ്പിച്ച് അന്ത്യത്തോളം യത്നിച്ച ധന്യരിൽ ധന്യരായിരുന്നു അദ്ദേഹം. ഇല്ലായ്മയിൽ ജനിച്ചുവളർന്നതുകൊണ്ടായിരിക്കാം സമൂഹത്തിൽ താഴെത്തട്ടിൽ കഴിഞ്ഞിരുന്നവരോട് താദാത്മ്യം പ്രാപിക്കുവാൻ അദ്ദേഹത്തിന് സാധിച്ചത്. സ്വന്തം പ്രയത്നംകൊണ്ട് ജീവിതപടവുകൾ ഒന്നൊന്നായി ചവുട്ടി കയറിയപ്പോഴും കയറിപ്പോകുന്ന പടികളെക്കുറിച്ചുള്ള അവബോധം തിരുമേനി വിസ്മരിച്ചില്ല.

സാമൂഹിക സമത്വം എന്ന ക്രിസ്തുസന്ദേശം, സ്നേഹത്തിന്റെ ആത്മാവിൽ ആർജ്ജിക്കേണ്ടതാണെന്ന് വിശ്വസിച്ചിരുന്ന മെത്രാപ്പോലീത്താ സാമൂഹ്യനീതി ഏവർക്കും ഉറപ്പുവരുത്തണമെന്ന് ഉറക്കെ പറഞ്ഞിരുന്നു. സമൂഹത്തിൽ നിലനിന്നിരുന്ന സകലവിധ ഉച്ചനീചത്വ മനോഭാവങ്ങൾക്കെതിരായ അദ്ദേഹത്തിന്റെ നിലപാട് മുതലാളിത്ത മനോഭാവങ്ങൾക്കെതിരായ സിംഹഗർജ്ജനമായിരുന്നു. അറിവ് മനുഷ്യനെ പൂർണ്ണതയിലേക്ക് വഴിനടത്തുന്നു എന്ന തിരിച്ചറിവ് ആഴത്തിലുള്ള പഠനത്തിനും അത് പകർന്നു നൽകുന്നതിനും അദ്ദേഹം ആരെക്കാൾ മുമ്പനായിരുന്നു.

തിരുമനസ്സിന്റെ വാത്സല്യശിഷ്യനായിരുന്ന മണ്ണാറപ്രായിലച്ചന്റെ ഭാര്യയായ എനിക്ക് 1970–ൽ എന്റെ വിവാഹനാളുമുതൽ തിരുമേനിയെ അടുത്തറിയാം. എന്റെ സ്വന്തം ഇടവകയായ പെരുമ്പാവൂർപള്ളിയിൽ കൺവൻഷനിൽ തിരുമേനി നടത്തിയ സുവിശേഷ പ്രസംഗങ്ങൾ കൊച്ചു ചെറുപ്പത്തിലെ കേട്ടത് ഇന്നും മറക്കാതെ ഓർക്കുന്നു. ആ മധുരഭാഷണം അതീവ സുന്ദരമാണ്. പക്വതയുടെ ആൾരൂപമായിരുന്ന തിരുമേനിയുടെ ചിരിക്കുന്ന മുഖം തിരുമനസ്സിനെ അറിയുന്നവരുടെ മനസ്സിൽനിന്നും തുടച്ചുമാറ്റാവുന്നതാണെന്നു തോന്നുന്നില്ല. നേത്രരോഗസംബന്ധമായ ചികിത്സാർത്ഥം തിരുമേനിയെ എൽ.എഫ്. ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്ന അവസരത്തിൽ പലവട്ടം എന്റെ ഭർത്താവുമൊത്ത് ആശുപത്രിയിൽ കാണാൻ ചെല്ലുന്നതിനും ശുശ്രൂഷിക്കുന്നതിനും എനിക്ക് ലഭിച്ച അവസരങ്ങൾ ഒരു അനുഗ്രഹമായി ഇന്നും ഞാൻ കരുതുന്നു.

പലവട്ടം ഞങ്ങളുടെ എളിയ ഭവനം അദ്ദേഹം സന്ദർശിച്ചിട്ടുണ്ട്. ഒരിക്കൽ ഞങ്ങളുടെ ഭവനത്തിലെത്തിയ തിരുമേനി പോക്കറ്റിൽ കയ്യിട്ട് കിട്ടിയ നോട്ടെടുത്ത് കുഞ്ഞായിരുന്ന ഞങ്ങളുടെ മൂത്ത മകന് നൽകിയത് ഇന്നും അവൻ നന്ദിയോടെ സ്മരിക്കുന്നു. കൊടുക്കുന്ന കാര്യത്തിൽ ഒരിക്കലും ലുബ്ദ്ധി കാണിക്കാത്ത തിരുമേനിയെക്കുറിച്ച് ദീർഘമായി എഴുതുന്നതിനേക്കാൾ വാക്കുകൾക്ക് ലുബ്ദ്ധികാണിക്കുന്നതായിരിക്കും അദ്ദേഹത്തോട് കാണിക്കുന്ന നീതി.

നിർവ്യാജസ്നേഹത്തിന്റെയും നിസ്വാർത്ഥ സേവനത്തിന്റെയും വിളനിലമായിരുന്നു മെത്രാപ്പോലീത്താ. അതിഥി സൽക്കാരം, മാതൃകാപരമായ ജീവിതശൈലി, സാധുക്കളോടുള്ള കരുണ ഇവയെല്ലാം തിരുമേനിക്ക് ജനഹൃദയങ്ങളിൽ ചിരപ്രതിഷ്ഠ നേടിക്കൊടുത്ത സ്വഭാവ സവിശേഷതകളായിരുന്നു. ജാതി, സമുദായ, കക്ഷി ചിന്ത അദ്ദേഹത്തെ തൊട്ടുതീണ്ടിയിട്ടില്ലായിരുന്നു എന്നതിന്റെ ഉത്തമ ഉദാഹരണമാണ് അദ്ദേഹം. നട്ടുനനച്ച് വളർത്തിയ പല സ്ഥാപനങ്ങളും സ്വന്തം പ്രയത്നംകൊണ്ട് ഔന്നത്യങ്ങൾ കീഴടക്കിയ ഈ മഹിതാചാര്യൻ മറ്റ് ആചാര്യന്മാർക്ക് എന്നാളും മാർഗ്ഗദീപമായി പരിലസിക്കും എന്നതിന് സംശയമില്ല.

# അസോസിയേഷൻ യോഗനടത്തിപ്പിനെതിരെ വ്യാപക വിമർശനം; പരാജയത്തിന്റെ ഉത്തരവാദി അസോസിയേഷൻ സെക്രട്ടറി എന്ന് ആരോപണം

മാത്യൂസ് ജോൺ കോട്ടയം

പത്തനംതിട്ട : മലങ്കര അസോസിയേഷൻ യോഗനടത്തിപ്പ് വമ്പിച്ച പരാജയമായിരുന്നുവെന്ന് വ്യാപകമായ ആരോപണം ഉയരുന്നു. അസോസിയേഷൻ യോഗസ്ഥലത്ത് പ്രതിനിധികളല്ലാത്ത ഒട്ടനവധിപേർ പ്രവേശിച്ചതും പന്തലിനുള്ളിലൂടെ ജീപ്പ് കയറ്റിയതും ബഹളത്തിനു കാരണമായി. യോഗസ്ഥലത്തുതന്നെ അതിനെതിരെ ശക്തമായ പ്രതിഷേധം ഉയർന്നിരുന്നു. ഭക്ഷണക്രമീകരണത്തിലെ പാളിച്ചകളും വ്യാപകമായ പ്രതിഷേധത്തിനു കാരണമായി പന്തലിൽ ചില ആളുകൾ പറയുന്നുണ്ടായിരുന്നു. സ്ഥാനാർത്ഥികളായ ഔദ്യോഗിക സ്ഥാനികളെ സ്റ്റേജിലിരുത്തിയതും വൈദികട്രസ്റ്റിയെ അംശവടി പിടിപ്പിച്ച് ജീപ്പിൽ കയറ്റിയതും അവരെക്കൊണ്ട് അനുശോചന പ്രമേയം വായിപ്പിച്ചതും ശക്തമായ പ്രതിഷേധത്തിനും യോഗസ്ഥലത്ത് ബഹളത്തിനും കാരണമായി.

“ക്ഷമിക്കണം അസോസിയേഷൻ യോഗത്തിലെ ഭക്ഷണം, പന്തൽ, ഘോഷയാത്ര തുടങ്ങി എല്ലാ പരാജയങ്ങളുടെയും ഉത്തരവാദിത്വം സഭാനേതൃത്വത്തിന്, പ്രത്യേകിച്ച് അസോസിയേഷൻ സെക്രട്ടറിക്കാണ് എന്നുള്ള” ഒരു എസ്.എം.എസ്. സന്ദേശം തുമ്പമൺ ഭദ്രാസന സെക്രട്ടറി ഫാ.ടൈറ്റസ് ജോർജിന്റെ പേരിൽ എല്ലാ അസോസിയേഷൻ അംഗങ്ങൾക്കും അയച്ചുകൊടുത്തതായി അറിയുന്നു. ഇക്കഴിഞ്ഞ ദിവസം തുമ്പമൺ ഭദ്രാസനാസ്ഥാനത്ത് കാതോലിക്കാദിനപ്പിരിവ് കവർവിതരണത്തിനു ചേർന്ന യോഗത്തിൽ അസോസിയേഷൻയോഗനടത്തിപ്പിനെതിരെ പ്രതിഷേധമുയർന്നെങ്കിലും തുമ്പമൺ ഭദ്രാസന മെത്രാപ്പോലീത്താ ഇടപെട്ട് പ്രതിനിധികളെ ശാന്തരാക്കി.

## ശ്രേഷ്ഠ ബാവാ....പേജ് 1–ൽനിന്ന്

റിപ്പോർട്ടർ ചാനലുൾപ്പെടെയുള്ള മറ്റു ചാനലുകളും 15–03–2012 വ്യാഴാഴ്ച പുറത്തുവിട്ടു. ശ്രേഷ്ഠ ബാവാ കബറിടത്തിൽ പ്രവേശിച്ച് അംശവസ്ത്രം മാറുന്നതിന്റെയും കാസായും പീലാസായും സെമിനാരിയിലേക്ക് കൊണ്ടുപോകുന്നതിന്റെയും ദൃശ്യങ്ങളാണ് പുറത്തുവന്നിട്ടുള്ളത്.

ജില്ലാ ഭരണകൂടത്തിലെ ഉന്നത പോലീസ് ഉദ്യോഗസ്ഥരും ജില്ലാ കളക്ടറും സാക്ഷിനിൽക്കെയാണ് ഇപ്രകാരം ഒരു സംഭവം ഉണ്ടായതെന്നും കുർബ്ബാന അർപ്പണത്തിനുശേഷം ശ്രേഷ്ഠ ബാവായുടെ അംശവസ്ത്രങ്ങൾ ജില്ലാ കളക്ടറുടെ സംരക്ഷണയിലാണ് പുറത്തേക്കു കൊണ്ടുപോയതെന്നും ചാനൽ റിപ്പോർട്ട് ചെയ്തു.

ശ്രേഷ്ഠ ബാവാ കബറിടത്തിൽ പ്രവേശിച്ച് കുർബ്ബാന അർപ്പിച്ചു എന്നു പറയുന്നത് ശരിയല്ലെന്നും പതിനഞ്ചു മിനിട്ട് കൊണ്ട് കുർബ്ബാന ചൊല്ലാൻ സാധിക്കില്ല എന്നൊക്കെയായിരുന്നു ഓർത്തഡോക്സ് സഭാനേതൃത്വം ഇതുവരെ പറഞ്ഞുകൊണ്ടിരുന്നത്. പ.കാതോലിക്കാ ബാവാ ഉൾപ്പെടെയുള്ള ഓർത്തഡോക്സ് സഭാനേതൃത്വത്തിന്റെ അഭിപ്രായപ്രകടനങ്ങൾ ശരിയായിരുന്നില്ലെന്നാണ് ദൃശ്യങ്ങൾ പുറത്തുവന്നതോടുകൂടി വ്യക്തമാകുന്നത്.

അനധികൃതമായി യാക്കോബായ സഭയുടെ ശ്രേഷ്ഠ കാതോലിക്കാ ബാവായ്ക്ക് തൃക്കുന്നത്ത് സെമിനാരിയിൽ കയറി കുർബ്ബാന അർപ്പിക്കുവാൻ സാഹചര്യമൊരുക്കിയ സർക്കാരിനെതിരെ പിറവം ഉപതെരഞ്ഞെടുപ്പിൽ പ്രതികരിക്കാൻപോലും വയ്യാത്ത അവസ്ഥയിലാണ് ഓർത്തഡോക്സ് സഭയുടെ ഇപ്പോഴത്തെ സ്ഥിതി.

# വൈദികട്രസ്റ്റി തെരഞ്ഞെടുപ്പിലെ വോട്ടുനില

| ഭദ്രാസനം | ഫാ.ഡോ.ജോൺസ് ഏബ്രഹാം കോനാട്ട് | | ഫാ.ഡോ.എം.ഒ.ജോൺ | | അസാധു | | ആകെ |
|---|---|---|---|---|---|---|---|
| ബിഷപ്പ്സ് & മാനേജിംഗ് കമ്മിറ്റി | 76 | 54% | 61 | 44% | 3 | 2% | 140 |
| അടൂർ – കടമ്പനാട് | 67 | 41% | 88 | 54% | 8 | 5% | 163 |
| അഹമ്മദാബാദ്, യൂറോപ്പ് & ആഫ്രിക്ക | 25 | 37% | 43 | 63% | 0 | 0% | 68 |
| അങ്കമാലി | 72 | 89% | 8 | 10% | 1 | 1% | 81 |
| ബാംഗ്ലൂർ & ബോംബെ | 63 | 36% | 105 | 60% | 6 | 3% | 174 |
| ബ്രഹ്മവാർ | 28 | 42% | 36 | 55% | 2 | 3% | 66 |
| കൽക്കട്ട | 23 | 33% | 41 | 59% | 6 | 9% | 70 |
| ചെങ്ങന്നൂർ | 70 | 41% | 94 | 55% | 8 | 5% | 172 |
| ഡൽഹി | 41 | 49% | 37 | 44% | 6 | 7% | 84 |
| ഇടുക്കി | 59 | 81% | 14 | 19% | 0 | 0% | 73 |
| കണ്ടനാട് ഈസ്റ്റ് | 89 | 85% | 8 | 8% | 8 | 8% | 105 |
| കണ്ടനാട് വെസ്റ്റ് | 90 | 89% | 10 | 10% | 1 | 1% | 101 |
| കൊച്ചി | 79 | 73% | 26 | 24% | 3 | 3% | 108 |
| കൊല്ലം | 40 | 19% | 154 | 74% | 13 | 6% | 207 |
| കൊട്ടാരക്കര – പുനലൂർ | 70 | 53% | 56 | 43% | 5 | 4% | 131 |
| കോട്ടയം & കോട്ടയം സെൻട്രൽ | 200 | 75% | 62 | 23% | 4 | 2% | 266 |
| കുന്നംകുളം | 33 | 44% | 36 | 48% | 6 | 8% | 75 |
| മദ്രാസ് | 25 | 35% | 44 | 62% | 2 | 3% | 71 |
| മലബാർ | 89 | 58% | 56 | 37% | 8 | 5% | 153 |
| മാവേലിക്കര | 66 | 45% | 72 | 49% | 10 | 7% | 148 |
| നിലയ്ക്കൽ | 44 | 42% | 57 | 55% | 3 | 3% | 104 |
| നിരണം | 116 | 46% | 122 | 48% | 14 | 6% | 252 |
| നോർത്ത് ഈസ്റ്റ് അമേരിക്ക | 31 | 67% | 11 | 24% | 4 | 9% | 46 |
| സൗത്ത് വെസ്റ്റ് അമേരിക്ക | 16 | 64% | 8 | 32% | 1 | 4% | 25 |
| സുൽത്താൻ ബത്തേരി | 43 | 42% | 55 | 53% | 5 | 5% | 103 |
| തൃശ്ശൂർ | 51 | 91% | 3 | 5% | 2 | 4% | 156 |
| തുമ്പമൺ | 75 | 28% | 180 | 67% | 15 | 6% | 270 |
| തിരുവനന്തപുരം | 69 | 48% | 63 | 44% | 11 | 8% | 143 |
| | 1750 | 51% | 1550 | 45% | 155 | 4% | 3455 |

## ഫാ.ഡോ.ജോൺസ് ഏബ്രഹാം കോനാട്ട് വിജയിച്ചത് 21 വോട്ടിന്റെ ഭൂരിപക്ഷത്തിൽ

വൈദികട്രസ്റ്റി സ്ഥാനത്തേക്ക് നടന്ന തെരഞ്ഞെടുപ്പിൽ 21 വോട്ട് അധികം ലഭിച്ചതിനാലാണ് ഫാ.ഡോ.ജോൺസ് ഏബ്രഹാം കോനാട്ട് വിജയിച്ചത്. ഫാ.ഡോ.എം.ഒ.ജോണിനേക്കാൾ 200 വോട്ടുകൾ അദ്ദേഹത്തിന് കൂടുതൽ ലഭിച്ചിരുന്നു. ഒരാൾ തെരഞ്ഞെടുക്കപ്പെടാൻ ആകെ രേഖപ്പെടുത്തിയ വോട്ടുകളുടെ 50 ശതമാനത്തിലധികം നേടണം. അതായത് ആകെ പോൾ ചെയ്ത 3455 വോട്ടുകളിൽ 1729 വോട്ടുകൾ ലഭിക്കണമായിരുന്നു തെരഞ്ഞെടുക്കപ്പെടുവാൻ. ഫാ.ജോൺസ് ഏബ്രഹാം കോനാട്ടിന് 1750 വോട്ടുകൾ ലഭിച്ചു. 21 വോട്ടുകൾ അധികം.

മലങ്കര അസോസിയേഷനിൽ ആകെ 3962 പ്രതിനിധികളാണുള്ളത്. അതിൽ 3497 പേർ പങ്കെടുത്തു. 465 പേർ പങ്കെടുത്തില്ല. പങ്കെടുത്ത പ്രതിനിധികളിൽ 3455 പേർ വോട്ടു രേഖപ്പെടുത്തി. പങ്കെടുത്ത 42 പേർ വോട്ടുചെയ്തില്ല.

ആകെ പോൾചെയ്ത വോട്ടുകളിൽ 155 വോട്ടുകൾ അതായത് 4 ശതമാനം വോട്ടുകൾ അസാധുവായി.

വടക്കൻ ഭദ്രാസനങ്ങളിൽ ഫാ.ജോൺസ് ഏബ്രഹാം മേൽക്കൈ നേടിയെങ്കിൽ തെക്കൻ ഭദ്രാസനങ്ങളിലും ബാംഗ്ലൂർ, കൽക്കട്ടാ, ബോംബെ തുടങ്ങിയ ബാഗ്യകേരളാ ഭദ്രാസനങ്ങളിലും ഫാ.എം.ഒ.ജോണിനായിരുന്നു മേൽക്കൈ. കണ്ടനാട് ഈസ്റ്റ് വെസ്റ്റ്, തൃശൂർ, അങ്കമാലി, ഇടുക്കി ഭദ്രാസനങ്ങളിൽ 90 ശതമാനത്തോളം വോട്ടുകൾ ഫാ.ജോൺസ് ഏബ്രഹാം നേടി. തുമ്പമൺ, കൊല്ലം ഭദ്രാസനങ്ങളിൽനിന്നായിരുന്നു ഫാ.എം.ഒ.ജോണിന് ഏറ്റവും കൂടുതൽ വോട്ടുകൾ ലഭിച്ചത്. 13 ഭദ്രാസനങ്ങളിൽ കോനാട്ടച്ചൻ ഭൂരിപക്ഷം നേടിയപ്പോൾ 11 ഭദ്രാസനങ്ങളിൽ എം.ഒ.ജോണച്ചന് ഭൂരിപക്ഷം ലഭിച്ചു. ഔദ്യോഗിക സംവിധാനങ്ങളെല്ലാം എതിരുനിന്നിട്ടും എം.ഒ.ജോണച്ചൻ ഒറ്റയ്ക്ക് ഇത്രയും വോട്ടുകൾ നേടി എന്നത് നിരീക്ഷകരെ അത്ഭുതപ്പെടുത്തുന്നു. ചില ഭദ്രാസനങ്ങളിൽനിന്ന് അത്മായട്രസ്റ്റി എം.ജി.ജോർജ് മുത്തൂറ്റ് സ്പോൺസർ ചെയ്ത വാഹനങ്ങളിൽ ആളുകൾ എത്തിച്ചേർന്നത് ജോൺസ് ഏബ്രഹാം അച്ചന് കൂടുതൽ വോട്ടുകൾ ലഭിക്കാൻ കാരണമായി എന്ന് വോട്ടിംഗ് നിലവാരം പരിശോധിച്ചാൽ മനസ്സിലാകും.

# ഇത് ഓർത്തഡോക്സ് സഭയ്ക്ക് യോജിച്ചതോ

സൂസൻ പണിക്കർ, തിരുവല്ല

മലങ്കരസഭാദീപത്തിൽ (ജനുവരി 16-31) ഇത് ഓർത്തഡോക്സ് സഭയ്ക്ക് യോജിച്ചതോ എന്ന ക്യാപ്റ്റൻ എം.എം.തോമസിന്റെ പ്രതികരണം വായിച്ചപ്പോൾ കറുത്ത ഞായർ ഇത്ര വളരെ ചിന്തിപ്പിച്ചല്ലോ എന്നോർത്തുപോയി. ഓർത്തഡോക്സ് സഭയിലെ സ്ത്രീകളെ ഒന്നടങ്കം അധിക്ഷേപിക്കുന്ന വിധത്തിലുള്ള ക്യാപ്റ്റന്റെ പ്രതികരണം കണ്ടിട്ട് മൗനം പാലിക്കുന്നതു ശരിയല്ല എന്നു തോന്നിയതുകൊണ്ടാണ് ഇതെഴുതുന്നത്. കറുത്ത ഞായർ എന്നത് ഒരു വനിതയുടെ വ്യക്തിപരമായ ആഹ്വാനം മാത്രമായിരുന്നു. മലങ്കരസഭയിലെ വനിതകൾ അത് ചെവിക്കൊള്ളുകയോ ആചരിക്കുകയോ ചെയ്തില്ല എന്നത് എല്ലാവർക്കും അറിയാവുന്ന സത്യമാണ്. യേശുതമ്പുരാൻ ഉയർത്തെഴുന്നേറ്റ ഞായർദിനത്തിന്റെ പവിത്രതയും വി. കുർബ്ബാനയുടെ പരിശുദ്ധിയും ഒരുപക്ഷെ പുരുഷന്മാരേക്കാൾ ഉൾക്കൊള്ളുന്നതും കാത്തുസൂക്ഷിക്കുന്നതും ഈ സഭയിലെ സ്ത്രീകളാണെന്നു പറയുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. പ്രതിഷേധം രേഖപ്പെടുത്താൻ കറുത്ത ഞായർ ആചരിക്കണമെന്നു പറഞ്ഞതിനോടു യോജിപ്പില്ലെങ്കിലും സഭാഭരണസമിതിയിൽ സ്ത്രീകൾക്കും പ്രാതിനിധ്യം നൽകണമെന്ന് ആവശ്യപ്പെട്ട ആ മഹതിയെ ആത്മാർത്ഥമായി അഭിനന്ദിക്കുന്നു.

പുരുഷന്മാർ മദ്യപിക്കുന്നതിന്റെ ഉത്തരവാദിത്വവും ക്യാപ്റ്റൻ തോമസ് സ്ത്രീകളുടെ തലയിൽ കെട്ടിവെച്ചിരിക്കുന്നു. എത്രയോ സ്ത്രീകൾ മദ്യപിക്കുന്നു എന്നും അദ്ദേഹം എഴുതിയിരിക്കുന്നു. മലങ്കര ഓർത്തഡോക്സ് സഭയിൽ മദ്യപിക്കുന്ന എത്ര സ്ത്രീകളെ കാണിച്ചുതരാൻ ക്യാപ്റ്റനു കഴിയും? ഭർത്താക്കന്മാരുടെ പീഢനങ്ങൾ സഹിക്കാൻ കഴിയാഞ്ഞിട്ടും കോടതിയിൽ പോകാനോ വിവാഹമോചനം നേടാനോ ആഗ്രഹിക്കാത്ത അനേകം സ്ത്രീകളെ കാണിച്ചുതരാൻ എനിക്കു സാധിക്കും. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ പുരുഷന്മാർക്ക് സ്വൈര്യംകൊടുക്കാത്ത സ്ത്രീകളാണ് ഭൂരിഭാഗവും. ക്യാപ്റ്റൻ തോമസ് ഈ നൂറ്റാണ്ടിന്റെ പ്രതിനിധിയാണോ. ഇന്നത്തെ സ്ത്രീകൾ പുരുഷന്മാരോടൊപ്പമോ ഒരുപക്ഷെ അതിൽക്കൂടുതലോ വിദ്യാഭ്യാസവും വിവരവും ഉള്ളവരാണ്. വീടിനു വെളിയിൽ പോയി ജോലി ചെയ്യുകയും വീട്ടിലെ കാര്യങ്ങളും കുട്ടികളുടെ കാര്യങ്ങളും നോക്കുകയും ചെയ്യുന്ന ഇന്നത്തെ സ്ത്രീകൾക്ക് പുരുഷന്മാരുടെ സ്വൈര്യംകെടുത്താൻപോയിട്ട് നേരെചൊവ്വെ ശ്വാസംവിടാൻപോലും സമയം കിട്ടാറില്ല. ക്യാപ്റ്റൻ തോമസ് തെറ്റിദ്ധാരണകൊണ്ടു പറഞ്ഞതായിരിക്കാം. ഒരു ന്യൂനപക്ഷം സ്ത്രീകൾ എന്നു പറഞ്ഞാലും സഹിക്കാമായിരുന്നു. അതുപോലെ ആദാമിന്റെയും ഹവ്വായുടെയും മേൽ ദൈവകോപം ഉണ്ടായതിന്റെ പൂർണ്ണ ഉത്തരവാദിത്വം സ്ത്രീക്കല്ല. പുരുഷന്റെ ബുദ്ധിയും വീണ്ടുവിചാരവും എവിടെപോയിരുന്നു. ക്യാപ്റ്റൻ ശ്രദ്ധയോടെ ആ ഭാഗമൊന്നു വായിക്കണം. സ്ത്രീ സഭയിൽ മിണ്ടാതിരിക്കട്ടെ എന്നു പറയുന്ന വി.പൗലോസ് ശ്ലീഹാ തന്നെ പറയുന്നു ആണും പെണ്ണും എന്നില്ല എല്ലാവരും ക്രിസ്തുയേശുവിൽ ഒന്നത്രേ എന്ന്. അച്ചന്മാരുടെ സ്ഥാനം ഇനി അച്ചന്മാരുടെ കൊച്ചമ്മമാർക്കു കൊടുക്കേണ്ടിവരുമോ എന്ന അദ്ദേഹത്തിന്റെ ചോദ്യം എത്ര ബാലിശമാണ്. ഇന്ത്യൻ രാഷ്ട്രപതിയായി ഇനി ഒരു വനിതകൂടെ വന്നുകൂടെന്നില്ലല്ലോ. സ്ത്രീകൾക്ക് സ്ഥാനം വേണമെങ്കിൽ രാഷ്ട്രീയത്തിലിറങ്ങട്ടെ. അവിടെ ഇതെല്ലാം കിട്ടും എന്ന വാചകം സ്ത്രീകൾക്ക് രാഷ്ട്രീയം മോശമാണ് എന്ന ധ്വനിയല്ലേ നൽകുന്നത്. സ്ത്രീകളേക്കാൾ കൂടുതൽ സ്ഥാനമാനങ്ങൾക്കുവേണ്ടി പരക്കം പായുന്നത് പുരുഷന്മാരാണ്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിൽ വനിതാ സംവരണ സീറ്റുകളിലേക്ക് സ്ഥാനാർത്ഥികളെ കണ്ടെത്താൻ രാഷ്ട്രീയപാർട്ടികൾ പാടുപെട്ടത് നാം കണ്ടതല്ലേ? ഒരു സ്ത്രീയും സീറ്റുകിട്ടാൻ വേണ്ടി ഓടി നടന്നില്ല.

എന്തായാലും ഒരു കാര്യം പകൽപോലെ വ്യക്തമായി. സ്ത്രീകൾക്ക് മലങ്കര ഓർത്തഡോക്സ് സഭയുടെ ഭരണസമിതിയിൽ പങ്കാളിത്തം നൽകിയാൽ പുരുഷന്മാർക്ക് ലഭിക്കേണ്ട സ്ഥാനങ്ങൾ കുറയും. അങ്ങനെവരരുതല്ലോ. അതല്ലേ ഈ ചേരിതിരിവിന്റെ പിന്നിൽ.

# സ്ത്രീകൾ വെറും കാഴ്ചക്കാരോ?

രാജി മാത്യു കൈപ്പട്ടൂർ

മലങ്കരസഭാദീപം വാല്യം 18 ലക്കം 6 2012 ജനുവരി 16-31-ൽ ഇത് ഓർത്തഡോക്സ് സഭയ്ക്ക് യോജിച്ചതോ എന്ന ശീർഷകത്തിൽ ക്യാപ്റ്റൻ എം.എം.തോമസ് സ്ത്രീകളെ തരംതാഴ്ത്തി എഴുതിയ ലേഖനത്തിന്റെ പ്രതികരണമാണ് ഈ കുറിപ്പ്. വി. വേദപുസ്തക തത്വങ്ങൾക്കും യേശുക്രിസ്തുവിന്റെ പഠിപ്പിക്കലിനും ഘടകവിരുദ്ധമായിട്ടുള്ള ലേഖകന്റെ ആശയം വീക്ഷണദൂഷണമോ വൈകാരികതയോ എന്ന് ശങ്കിക്കുന്നു. മനുഷ്യൻ ഏകനായിരിക്കുന്നത് ശരിയല്ല എന്നതിനാൽ ദൈവം അവന്റെ അസ്ഥിയിൽനിന്നും സൃഷ്ടിച്ച സ്ത്രീയെ അവന് സന്തത സഹചാരിയായി നൽകി എന്ന് ആദിപുസ്തകത്തിൽ കാണുന്നു. അതായത് പുരുഷൻ തനിയെ അപൂർണ്ണനെന്നും പുരുഷനും സ്ത്രീയും ഒരുമിച്ച് മാത്രമാണ് പൂർണ്ണത എന്നും അർത്ഥം. പൗലോസ് അപ്പോസ്തോലൻ പഠിപ്പിക്കുന്നത് പ്രാർത്ഥനയ്ക്കു മാത്രമെ പുരുഷൻ സ്ത്രീയിൽനിന്നും വേർപിരിഞ്ഞിരിക്കാവൂ എന്നാണ്. മറ്റൊരർത്ഥത്തിൽ പുരുഷന്റെ എല്ലാ പ്രവർത്തനങ്ങളിലും സ്ത്രീക്ക് തുല്യ പങ്കാളിത്തം ഉണ്ടായിരിക്കണം. ഹവ്വായുടെ വാക്ക് അനുസരിച്ച് വിലക്കപ്പെട്ട കനി ഭക്ഷിച്ച ആദം പാപിയായി ദൈവത്തിന്റെ അത്യുഗ്ര ശാപത്തിന് ഇരയായതുകൊണ്ട് സ്ത്രീയെ അനുസരിക്കുന്നത് ശരിയല്ലെന്നു സമർത്ഥിക്കുമ്പോൾ സ്ത്രീയുടെ സംരക്ഷകനാണ് പുരുഷൻ എന്ന വേദപുസ്തക ശബ്ദം ലേഖകൻ മറച്ചുവെയ്ക്കുന്നു. ഈ ഉത്തരവാദിത്വത്തിന്റെ വെളിച്ചത്തിൽ ഹവ്വായ്ക്ക് സംഭവിച്ചതിൽ ഹവ്വാ മാത്രമല്ല അവളെ സാത്താന്റെ പ്രലോഭനത്തിൽനിന്നും സംരക്ഷിക്കേണ്ടതായ ആദാം തന്റെ ഉത്തരവാദിത്വം നിർവ്വഹിച്ചില്ല എന്നതും തിരിച്ചറിയണം. സ്ത്രീയെ പഴിചാരുന്ന പുരുഷൻ അതിൽ തനിക്കുള്ള പങ്ക് പരിശോധിക്കണം. സ്ത്രീ മൗനം പാലിക്കണമെന്ന് പൗലോസ് ശ്ലീഹാ പറയുന്നത് - ആവശ്യമില്ലാത്ത അവകാശങ്ങൾ പിടിച്ചെടുക്കാൻ ശ്രമിക്കരുത് എന്ന നല്ല ഉദ്ദേശമാണെന്ന് കാണാൻ ശ്രമിക്കണം.

ജനാധിപത്യ സമ്പ്രദായത്തിൽ സ്ത്രീകൾ മേലിലും പ്രസിഡന്റ് പദവിയിലേക്ക് അവരോധിക്കപ്പെടുകയില്ലെന്ന് ലേഖകന് ഉറപ്പിച്ചു പറയാൻ പറ്റുമോ. ഇന്ത്യയുടെ 63-ാം റിപ്പബ്ലിക്ക് ആഘോഷപരേഡിൽ ഇന്ത്യൻ വ്യോമസേനയുടെ നിരയെ നയിച്ചത് ഒരു സ്ത്രീയാണെന്നതും സ്ത്രീകളുടെ രാജ്യസേവനത്തിനുള്ള ഒരു പൊൻതൂവൽ തന്നെയല്ലെ? പാകിസ്താൻ പട്ടാളവും ഭരണകൂടവും പടിഞ്ഞാറൻ പാകിസ്താനികളെ നിഷ്ഠൂരമായി കൊലപ്പെടുത്തുകയും പീഢിപ്പിക്കുകയും ലക്ഷോപലക്ഷം അഭയാർത്ഥികൾ ഇന്ത്യയിലേക്ക് പ്രവഹിക്കുകയും ചെയ്തപ്പോൾ ഇന്ത്യാമഹാരാജ്യത്തിന്റെ കരുത്തുറ്റ പ്രധാനമന്ത്രി ശ്രീമതി ഇന്ദിരാഗാന്ധി എന്ന സ്ത്രീയുടെ സമർത്ഥവും, സമയോചിതവുമായ ഇടപെടൽകൊണ്ട് ഒരു സ്വതന്ത്രരാഷ്ട്രമായ ബംഗ്ലാദേശ് എന്ന രാജ്യം രൂപംകൊണ്ടു. എന്നുമാത്രമല്ല ലക്ഷോപലക്ഷം അഭയാർത്ഥികൾ മൂലം ഇന്ത്യൻ ഭരണകൂടവും ജനങ്ങളും നേരിടേണ്ടതായ സാമ്പത്തിക സാമൂഹിക പ്രതിസന്ധികൾക്ക് തടയിടാനും സാധിച്ചു. ഇതൊക്കെ ലേഖകൻ സൗകര്യപൂർവ്വം വിസ്മരിക്കുന്നു.

സ്ത്രീകൾ രാഷ്ട്രീയത്തിലിറങ്ങിയാൽ സ്ഥാനമാനങ്ങൾ വേണമെങ്കിൽ ലഭിക്കും എന്നതാണ് മറ്റൊരു പരാമർശം. ആധുനിക ലോക വ്യവസ്ഥയിൽ സ്ത്രീകൾക്കും പുരുഷന്മാരോടൊപ്പം പൗരസ്വാതന്ത്ര്യമുണ്ട്. ഈ സ്വാതന്ത്ര്യം മതസംവിധാനത്തിലും അവർക്ക് അവകാശപ്പെട്ടതാണ്. വി.വേദപുസ്തകവും ചരിത്രവും സ്ത്രീകൾ സമൂഹത്തിന് നൽകിയിട്ടുള്ള വിലപ്പെട്ട സേവനങ്ങളെ ഉയർത്തിക്കാട്ടുന്നു. രക്ഷകനായ യേശുവിനെ ലോകത്തിന് നൽകിയ മാതാവാണ് വി.കന്യകമറിയം. ലോകരക്ഷയ്ക്കുവേണ്ടി സ്വന്തം ഓമനപുത്രനെ ക്രൂശിലേറ്റുന്നതു കണ്ടുകൊണ്ട് നിന്ന ഒരേയൊരു സ്ത്രീരത്നം (കന്യകമറിയാം) കർത്താവിന്റെ പാദങ്ങളെ വിലയേറിയ പരിമളതൈലം പൂശി ചുംബിച്ച മഗ്ദലക്കാരത്തി മറിയയുടെ പ്രവർത്തിയെ മറ്റുള്ളവരെ അറിയിക്കണമെന്ന് കർത്താവ് എടുത്തുപറയുന്നത് വിസ്മരിക്കാനാവുമോ? നിരാലംബരും രോഗികളും നിർദ്ധനരുമായ അനേകർക്ക് ആലംബമായി മാറിയ മദർതെരേസ സമൂഹത്തിന്റെ കിരീടമല്ലേ. സത്യത്തിനും, അഹിംസയ്ക്കുംവേണ്ടി മാത്രം ജീവിച്ച മഹാത്മാഗാന്ധിയോടൊപ്പം ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത അനേകം സ്ത്രീകളുണ്ട്. സ്ത്രീകളെ ശാക്തീകരിക്കാൻ അദ്ദേഹം കാണിച്ച വ്യഗ്രതയും മറക്കാവുന്നതല്ല.

വിവാഹമോചനത്തിന് സ്ത്രീകൾ നീതിപീഠത്തെ സമീപിക്കുന്നുവെങ്കിൽ പുരുഷന്മാരുടെ സൗകര്യപൂർവ്വമുള്ള നിരുത്തരവാദിത്വം കുടുംബങ്ങളിലുണ്ടാവുന്നതുകൊണ്ടാണ് ഏതെങ്കിലും ഒരു സ്ത്രീ മദ്യപിച്ചു എന്നതുകൊണ്ട് മുഴുവൻ സ്ത്രീസമൂഹവും മദ്യപാനികളാണെന്ന് മുദ്രകുത്തുന്നത് ശരിയല്ല. കിടക്കാടംപോലും പണയപ്പെടുത്തി കുടിച്ച് കൂത്താടിവന്ന് വീട്ടിൽ അടിപിടി ഉണ്ടാക്കുന്ന പുരുഷനെ ഭാര്യയും അമ്മയുമായ സ്ത്രീ എങ്ങനെ സഹിക്കണം. മകൻ അപ്പനെ കൊലപ്പെടുത്താനുള്ള സാഹചര്യം ഉണ്ടാക്കുന്നത് പുരുഷനല്ലേ? കുടുംബത്തിന്റെയും തന്റെയും രക്ഷയ്ക്കുവേണ്ടി നിയമവഴികൾ തേടുന്ന സ്ത്രീ ചെയ്യുന്നത് തെറ്റാണോ?

അർഹമായ അഭിനന്ദനങ്ങളും അംഗീകാരങ്ങളും അച്ചന്റെ കൊച്ചമ്മയ്ക്കോ മറ്റ് സ്ത്രീകൾക്കോ നൽകുന്നതിൽ എന്താണ് തെറ്റ്. എന്നാൽ അനർഹരെ അംഗീകരിക്കുന്നത് തടയുവാൻ പുരുഷന്മാർ മാത്രമല്ല സ്ത്രീകളും ഒറ്റക്കെട്ടായി ധൈര്യത്തോടും മനസാന്നിധ്യത്തോടും പ്രവർത്തിക്കണം.

ക്രിസ്തുഗാത്രമായ സഭയിൽ സ്ത്രീയില്ലാതെ പുരുഷൻ മാത്രമായാൽ സഭ പൂർണ്ണമാകുമോ. അസമത്വവും അടിച്ചമർത്തലുമാണോ ആവശ്യം. ഓർത്തഡോക്സ് സഭ മാത്രമല്ല, ദൈവം സ്നേഹമാണെന്നു കരുതുന്ന ഏതൊരു വ്യക്തിയും ആലോചിക്കേണ്ട സത്യമാണിത്. സമത്വമില്ലാത്തിടത്ത് സ്നേഹം നിലനിൽക്കുമോ? വായനക്കാർ ഉത്തരം കാണട്ടെ. പുരുഷനും സ്ത്രീയും ഒറ്റക്കെട്ടായി ജീവിക്കുന്ന ഒരു നല്ല നാളേക്കായി കാത്തിരിക്കാം.



## വിരമിച്ചു

പത്തനംതിട്ട ഡിസ്ട്രിക്റ്റ് കോ-ഓപറേറ്റീവ് ബാങ്കിൽനിന്ന് 33 വർഷത്തെ സേവനത്തിനുശേഷം 31-1-2012ൽ വിരമിച്ച എക്സിക്യൂട്ടിവ് ഓഫീസർ കാരയ്ക്കാട്ട് ചെറുകാലേത്തായ മേലൂട്ടു പുത്തൻവീട്ടിൽ എം.കെ.ജോർജ്ജുകുട്ടി.

ചെങ്ങന്നൂർ ഭദ്രാസനത്തിലെ കാരയ്ക്കാട് സീനായ്കുന്ന് സെന്റ് മേരീസ് ഓർത്തഡോക്സ് ഇടവകാംഗമായ ഇദ്ദേഹം മലങ്കരസഭാദീപം ദ്വൈവാരികയുടെ ആദ്യകാല ഓർഗനൈസറും സഭാകാര്യങ്ങളിൽ സജീവ പ്രവർത്തകനുമാണ്.

## പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവെ എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴികാണിച്ച് തരികയും എന്നോട് മററുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവിക ദാനം തരികയും ചെയ്യുന്നവനും എന്റെ ജീവിതത്തിൽ എല്ലാ ദൈവിക ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്ക് ഞാൻ നന്ദി പറയുന്നു. എത്രവലിയ ഭൗതിക ആഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നുഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയോടു കൂടെയായിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് ചേർന്നിരിക്കുന്നു.

ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്ന് ദിവസം അടുപ്പിച്ച് ചൊല്ലുക മൂന്ന് ദിവസത്തിനു ശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും അപേക്ഷിക്കുന്നതിന് മുമ്പ് താഴെപ്പറഞ്ഞിരിക്കുന്ന രണ്ടുകാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും.
2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്രയധികം ആളുകളിൽ എത്തിക്കാമോ അത്ര അധികം ആളുകളിൽ എത്തിക്കും ഇതു പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടിയാണ്.

ഒരു വിശ്വാസി

## വി. യൂദാശ്ലീഹായുടെ പ്രാർത്ഥന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി.യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കേണമേ. യാതൊരു സഹായവും ഫലസിദ്ധിയില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കേണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യാ (ആവശ്യം പറയുക) അങ്ങേ സഹായം ഞാനപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ അങ്ങേ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

താമസിച്ചതിന് ക്ഷമാപണം

ഒരു വിശ്വാസി

# നോമ്പിലെ അഞ്ചും ആറും ഞായറാഴ്ചകൾ

**ധ്യാനപീഠം**

ഫാ.ജോൺ റ്റി.വർഗീസ് കുളക്കട

### നോമ്പിലെ അഞ്ചാം ഞായറാഴ്ച

**കൂനിയുടെ സൗഖ്യം, വി.ലൂക്കോസ് 13: 10–17**

യേശുവിന്റെ സ്പർശനം ഒരു സ്ത്രീയിൽ 18 വർഷം നീണ്ടുനിന്ന പാപബന്ധനങ്ങളഴിക്കുന്ന വേദഭാഗമാണിത്. പൊതുജനമദ്ധ്യത്തിൽ ഒരിക്കൽക്കൂടി യേശു വിസ്മയങ്ങൾ കാണിക്കുന്നു. യേശു പ്രസംഗിച്ചുകൊണ്ടിരിക്കുമ്പോൾ കൂനിയായ സ്ത്രീയെ കാണുകയും അവളെ അടുക്കൽ വിളിച്ച് സൗഖ്യം നൽകുകയും ചെയ്തു എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അതോടൊപ്പം ഈ സംഭവത്തെ പരുഷമായി വീക്ഷിക്കുന്ന പരീശസമൂഹത്തിന്റെ നിലപാടുകളെ യേശു ശാസിക്കുകയും ചെയ്യുന്നു.

**കൂനിയുടെ കാത്തിരിപ്പ് – സ്ത്രൈണതയുടെ കരുത്ത്**

പതിനെട്ടുവർഷം ഒരു ചെറിയ കാലയളവല്ല. നീണ്ട നിരാശയുടെ കാലമാണ്. എന്നിട്ടും അവൾ പള്ളിയിലുണ്ട്. അവിടെതന്നെ തുടരുകയും ചെയ്യുന്നു. കൂനു ബാധിക്കാത്ത മനസ്സുമായി അവനവന്റെ സഹനങ്ങളിൽ ദൈവാഭിമുഖമായി ജീവിക്കാൻ കഴിയുന്നു എന്നതാണല്ലോ ആത്മീയതയുടെ ഏറ്റവും വലിയ കരുത്ത്. പഴയ നിയമത്തിൽ ഇതിന് നല്ലൊരുദാഹരണമുണ്ട്. ശമുവേൽ പ്രവാചകന്റെ ഒന്നാം പുസ്തകം ഒന്നാം അദ്ധ്യായത്തിൽ ഇതേ കരുത്തുമായി ഹന്നായെ നാം കണ്ടുമുട്ടുന്നു. ഒരു കുഞ്ഞിന് ജന്മം കൊടുക്കാൻ കഴിയാത്ത മനോവ്യവസനത്തിൽ കഴിയുന്ന ഹന്നായെ അവളുടെ പ്രതിയോഗി വളരെ വിഷമിപ്പിച്ചു. അവൾ ആലയത്തിലേക്ക് പോകുമ്പോഴാണ് അവൾക്ക് കൂടുതൽ നൊമ്പരമുണ്ടാകുന്നത്. എങ്കിലും ദൈവസന്നിധിയിൽ നിരന്തരം കണ്ണുനീരോടെ പ്രാർത്ഥിക്കുന്നത് പുരോഹിതനായ ഏലിയെപ്പോലും വിസ്മയിപ്പിക്കുന്നു. ദുരിതങ്ങളേറുന്തോറും ദൈവസന്നിധിയിൽ തുടരാനാകുമ്പോൾ കൃപ കാത്തിരിക്കുന്നു എന്നു ഹന്ന നമ്മെ പഠിപ്പിക്കുന്നു. അന്നും ഇന്നും പുരുഷന്മാരേക്കാൾ ഇതു കൂടുതൽ സാധിക്കുന്നത് സ്ത്രീകൾക്കാണ് എന്നുള്ളത് ശ്രദ്ധേയമാണ്. അന്നുമുതൽ പലരും അവനെ വിട്ടുപോയി. ശിഷ്യന്മാർ എല്ലാം അവനെ വിട്ട് ഓടിപ്പോയി (വി.മത്തായി 26:56) എന്നൊക്കെ പുരുഷന്മാരെക്കുറിച്ച് നാം കാണുന്നു. എന്നാൽ ഗലീലയിൽനിന്ന് യേശുവിനെ ശുശ്രൂഷിച്ചുകൊണ്ട് അനുഗമിച്ചുവന്ന പല സ്ത്രീകളും ദൂരത്തുനിന്ന് നോക്കിക്കൊണ്ടിരുന്നു (വി.മത്തായി 27:55). സ്ത്രീയുടെ ആദ്ധ്യാത്മിക ജീവിതത്തിന്റെ കരുത്താണിത്. സഭയുടെ ആത്മീയ പ്രസ്ഥാനങ്ങളിലും ആരാധനകളിലും ഈ കൂനിയുടെ മനോഭാവമുള്ള പിൻഗാമികളെ നാം ഇന്നും കണ്ടുമുട്ടുന്നു. പക്ഷെ ഇന്നത്തെ കാലത്ത് ആദ്ധ്യാത്മിക മഹാമേളകൾ മനുഷ്യനോട് സംവദിക്കുന്നത് യഹോവയുടെ ആലയത്തിൽ ദീർഘകാലം വസിക്കുന്നത് ശുഭകരമല്ല, അത് മനം മടുപ്പിക്കുന്ന ഏർപ്പാടാണ് എന്നാണ്. കൂടുതൽ ബഹളത്തിൽ കുറച്ചു നേരം നിൽക്കൂ....... അനുഗ്രഹീതരാകൂ....... എന്ന് ആത്മീയതയുടെ മൊത്തവിതരണക്കാർ പറയുമ്പോൾ പാവം ഭക്തൻ അങ്കലാപ്പിലാകുന്നു. എന്നാൽ നിന്റെ കാത്തിരിപ്പ് ഒരിക്കലും വിഫലമാകില്ലെന്ന് കൂനിയായ സ്ത്രീ നിന്നോട് പറയുന്നു. മുരടിക്കാത്ത മനസ്സുമായി മുന്നോട്ട് പോയാട്ടെ. ആരോ ദൂരത്ത് പാടുന്നു

മോഹങ്ങൾ മുരടിച്ചു
മോതിരക്കൈ മുരടിച്ചു
മനസുമാത്രം മനസുമാത്രം മുരടിച്ചില്ല.....

**കൂനിയുടെ സൗഖ്യം – സത്തയിലേക്കുള്ള മടക്കം**

നാം എന്താകേണ്ടിയിരുന്നുവോ, അതാകാതെ പോകുന്നതാണ് കൂന്. നേരെ പോകേണ്ടുന്നതൊക്കെ വളഞ്ഞുപോകുന്നുണ്ട് എന്ന് സാരം. ഇതെഴുതുമ്പോൾ എന്റെ കൂന് ഞാനും തിരിച്ചറിയുന്നു. ഇവിടെയൊരു ചോദ്യമുയരുന്നു. ഒരേസമയം ഞാനാരൊക്കെയാണ്. ഒരു വൈദികൻ, ഒരു ഭർത്താവ്, അല്ലെങ്കിൽ ഭാര്യ, മാതാപിതാക്കൾക്ക് മകൻ, ഒരു സഹോദരനോ സഹോദരിയോ ഒക്കെയാണ്. ഓരോ നിയോഗങ്ങളിലും ഞാൻ നിറവേറ്റേണ്ട ദൗത്യമുണ്ട്. അതാണല്ലോ എന്റെ സത്ത (ഉണ്മ). എന്റെ ജീവിതപരിസരങ്ങളിലൊക്കെ ഞാൻ സത്ത നഷ്ടപ്പെടുത്തുന്നുണ്ട്. വളഞ്ഞും പുളഞ്ഞും ഒരുതരം ഏച്ചുകെട്ടലുകളുടെ ജീവിതം. ദൈവമേ ഞാനും കൂനനായിരിക്കുന്നു. കൂനിയായ സ്ത്രീ മുഖം നഷ്ടപ്പെട്ടവളാണ്. ദൈവസ്വരൂപം എന്ന പരിഗണന കിട്ടാത്തവളാണ്. യേശു അവളെ സൗഖ്യപ്പെടുത്തിയിട്ട് അബ്രഹാമിന്റെ മകളെ എന്നാണ് വിളിക്കുന്നത്. കഴിഞ്ഞ പതിനെട്ടുവർഷത്തെ മുഴുവൻ സങ്കടവും ഈ നിമിഷം കുഴിച്ചുമൂടപ്പെടുന്നു. ഒരു യഹൂദന് കിട്ടാവുന്ന ഏറ്റവും വലിയ ബഹുമതിയാണ് കർത്താവ് അവൾക്ക് ചാർത്തിക്കൊടുക്കുന്നത്. സക്കായിയെ അബ്രഹാമിന്റെ പുത്രൻ എന്ന് വിളിച്ചുകൊണ്ട് അയാളുടെ ഉള്ളിലെ മുഴുവൻ നന്മയും യേശു പുറത്തുകൊണ്ടുവരുന്നു. കുഷ്ഠ രോഗിയെ സൗഖ്യപ്പെടുത്തുമ്പോഴാകട്ടെ താൻ ന്യായപ്രമാണപ്രകാരം പുറത്താക്കപ്പെട്ട പരിസരങ്ങളിലേക്കാണ് അയാൾ അയക്കപ്പെടുന്നത്. ഇതൊക്കെ ഒരുതരം നിലനിൽപ്പിന്റെ പുനക്രമീകരണങ്ങളാണ്. മൃഗത്തേക്കാൾ ഹീനമായി സ്ത്രീയെ പരിഗണിച്ചിരുന്ന യഹൂദസമൂഹത്തോട് മൃഗത്തിന്റെ മൂല്യംകൂടെ കാളയുടെയും കഴുതയുടെയും കാര്യം പറഞ്ഞ് യേശു പഠിപ്പിക്കുന്നു. മനുഷ്യന്റെ സത്ത എന്ന് പറയുന്നത് സർവ്വശക്തന്റെ മഹാചൈതന്യമാണ്. നാമറിയാതെതന്നെ നമ്മുടെ അന്തരാത്മാവ് ആ മഹാചൈതന്യത്തെ നിരന്തരം അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. സകല പാപത്തിന്റെയും കൂനിൽനിന്ന് മനുഷ്യരാശിയെ വിടർത്തി ദൈവചൈതന്യത്തെ സത്തയിലേക്ക് തിരികെകൊണ്ടുപോകാൻ ഉടയതമ്പുരാൻ കാത്തുനിൽക്കുന്നു.

### നോമ്പിലെ ആറാം ഞായറാഴ്ച

**കുരുടന്റെ സൗഖ്യം, വേദഭാഗം വി. യോഹ.9:1–41**

പ.വലിയ നോമ്പിന്റെ മുപ്പത്തിയാറാം ദിവസമാണിത്. കാതോലിക്കാദിനമെന്ന പ്രത്യേകതകൂടി ഈ ദിവസത്തിനുണ്ടല്ലോ. സഭാവർഷത്തെ ആരാധനയിലെ ഏറ്റവും ദൈർഘ്യമേറിയ വേദഭാഗമാണിവിടെ വിളമ്പുന്നത്. കുരുടനായ മനുഷ്യനെ യേശുക്രിസ്തു ചേറുകുഴച്ച് കണ്ണിൽതേച്ച് സൗഖ്യമാക്കുന്നതും ശീലോഹോമിലേക്കുള്ള അവന്റെ യാത്രയും യഹൂദന്മാരാൽ പലവുരു വിചാരണ ചെയ്യപ്പെടുന്നതും നമുക്ക് വളരെ പരിചയമുള്ള കാര്യങ്ങൾതന്നെ.

**ഞെരുക്കപ്പെടുംതോറും നല്ലത് പുറത്തുവരുന്നു**

മൂന്നുതവണ ഒരേ ചോദ്യം കാക്കിക്കുള്ളിലെ ഭാഷയിൽ കുരുടൻ അഭിമുഖീകരിക്കപ്പെട്ടു. ആരാണ് നിന്നെ സൗഖ്യപ്പെടുത്തിയത് എന്ന ചോദ്യത്തിന് അയാൾ ഓരോ തവണയും ഓരോ തരത്തിലാണ് ഉത്തരം കൊടുക്കുന്നത്. അതാകട്ടെ ഓരോ തവണയും ഒന്നിനൊന്ന് മെച്ചപ്പെട്ട രീതിയിലും. ഉത്തരം തൃപ്തികരമാകാതെ ഒരേ ചോദ്യം വീണ്ടും വീണ്ടും ആവർത്തിക്കപ്പെടുമ്പോൾ ചോദ്യത്തിനുള്ളിൽ ആത്മരോഷവും ഉഗ്രകോപവും കൂടിക്കൂടി വരും. അവിടെയാണ് ഇയാളുടെ ഉത്തരങ്ങളുടെ പ്രസക്തി. ഇയാളുടെ പ്രതികരണങ്ങളുടെ തീവ്രത ശ്രദ്ധിക്കണം.

യേശു എന്നു പേരുള്ള മനുഷ്യൻ (വാക്യം 11) അദ്ദേഹം ഒരു പ്രവാചകൻ (വാക്യം 17) ഒരു നല്ല ഗുരു (വാക്യം 27) അവസാനം കൺമുൻപിൽ യേശു വന്നു നിൽക്കുമ്പോൾ ഞാൻ വിശ്വസിക്കുന്നു എന്ന് പറഞ്ഞ് പൂർണ്ണ നമസ്ക്കാരം നടത്തുന്നു. കാഴ്ച പ്രാപിച്ചതിനുശേഷം ചോദ്യശരങ്ങളാൽ ഞെരുക്കപ്പെടുന്തോറും എന്തുൾക്കാഴ്ചയാണ് ആ ശബ്ദത്തിന്. കൂടുതൽ കൂടുതൽ നല്ലത് പുറത്തുവന്നുകൊണ്ടേയിരിക്കുന്നു. ഞെരുക്കപ്പെടുംന്തോറും നമ്മിൽനിന്ന് മോശമായത് പുറത്തുവരുന്നു. 430 സംവത്സരത്തിനുശേഷം ഇസ്രായേൽജനം കനാൻനാട്ടിലേക്ക് യാത്രപോകുമ്പോൾ സാഹചര്യങ്ങൾ അവരെ ഒരുപാട് ഞെരുക്കുന്നുണ്ട്. മിക്കയിടത്തും അവരുടെ പിറുപിറുപ്പ് കൂടിവരികയാണ്. മോശയ്ക്കും അഹറോനുമെതിരെ അവർ കലി തുള്ളുന്നു. ഒരു മറുതലിപ്പിന്റെ സംസ്ക്കാരം രൂപമെടുക്കുന്നു. മേഖത്തണലും അഗ്നിത്തൂണും വിസ്മൃതിയിലാകുകയും ഈജിപ്തിലെ ഇറച്ചിക്കലങ്ങൾ ഓർമ്മയിൽ നിൽക്കുകയും ചെയ്യുന്നു. ആദമും കായേനും ചെയ്യുന്ന തിന്മകളേക്കാൾ ഭീകരമാണ് ദൈവചോദ്യങ്ങൾക്കു മുമ്പിൽ പ്രതികരിച്ച് പിന്നീട് സംഗതികൾ വഷളാക്കുന്നത്. നമ്മുടെ കർത്താവാണ് ഏറ്റവും ഞെരുക്കപ്പെട്ടയാൾ. ഗത്സമേനിലെ മിത്രത്തിന്റെ ചുംബനം മുതൽ ക്രൂശിലെ നിലവിളി വരെയുള്ള പത്തുപതിനെട്ട് മണിക്കൂർ കർത്താവ് കടന്നുപോകുന്ന ഞെരുക്കത്തിന്റെ ചെങ്കടൽ എത്ര ആഴമുള്ളതാണ്. പക്ഷെ കർത്താവിൽനിന്ന് പുറപ്പെടുന്ന വാക്കുകൾക്ക് ഏറ്റവും മധുരമുണ്ടാകുന്നത് ആ മണിക്കൂറുകളിലാണ്. ക്രൂശിലെ ഏഴു മൊഴികൾക്ക് മഴവില്ലിന്റെ ഏഴു നിറംപോലെ സുവർണ്ണസൗന്ദര്യമാണ്. ഇയ്യോബ് ചക്കിലാട്ടുന്നതുപോലെ ഞെരുങ്ങി. എന്നിട്ട് ആ സഹനതീയിൽനിന്ന് പുറത്തുവന്ന വാക്കുകൾ നമ്മുടെ മരണവീടുകളെപ്പോലും സമാശ്വസിപ്പിക്കുന്നു. യഹോവ തന്നു. യഹോവ എടുത്തു. യഹോവയുടെ നാമം വാഴ്ത്തപ്പെടുമാറാകട്ടെ. എന്റെയും നിന്റെയും ജീവിതത്തിന്റെ ആത്മീയ പരിവേഷങ്ങൾക്കൊന്നും കുഴപ്പമില്ല. പക്ഷെ ഞാൻ ഞെരുക്കപ്പെടുന്ന വേളകളിൽ ഒരുപക്ഷെ രോഗമോ മനോവേദനയോ തെറ്റിദ്ധരിക്കപ്പെടുകയോ അംഗീകരിക്കപ്പെടാതിരിക്കുകയോ ചെയ്യുന്ന സമയത്ത് എന്നിൽനിന്ന് മോശം പ്രതികരണങ്ങൾ ഉണ്ടാകുന്നുണ്ടോ. ഭക്തിപ്രസ്ഥാനത്തിലെ അനശ്വര കവിയായ തൂക്കാറാം (1607–1649) അനുഭവങ്ങളാൽ ഞെരുക്കപ്പെട്ട് മോശമായി പ്രതികരിച്ച് വിശ്വാസം നഷ്ടപ്പെടുന്നവർക്ക് ഒരു പ്രചോദനമാണ്. മഹാരാഷ്ട്രയിലുണ്ടായ കടുത്ത വരൾച്ച മൂലം തൂക്കാറാമിന്റെ മാതാപിതാക്കളും ഭാര്യയും ഏക മകനും മരിച്ചു. മാത്രമല്ല അദ്ദേഹത്തിന്റെ ബിസിനസ്സും പൊളിഞ്ഞു. തന്റെ മരണവും അടുത്തിരിക്കുന്നു എന്നു മനസ്സിലാക്കിയ തൂക്കാറാം ദൈവത്തെ തള്ളിപറയുന്നതിനു പകരം പാടി

അങ്ങ് എല്ലാം എനിക്കു തന്നു
അങ്ങ് എല്ലാം എന്നിൽനിന്ന് എടുത്തു
എനിക്കാനന്ദമേ ഉള്ളു
അങ്ങ് മതി എനിക്ക്.....

**ശീലോഹോമിലേക്ക് ഞാൻ അയക്കപ്പെട്ടിടത്തേക്ക്**

കണ്ണുകാണാൻ മേലാത്തവനെ താൻ അറിയാത്ത ഒരിടത്തേക്ക് ഒറ്റയ്ക്ക് പറഞ്ഞുവിടുന്നത് അല്പം ക്രൂരമാണ്. ഒരുപാത്രം വെള്ളത്തിന്റെ ഇടപാട് മാത്രം മുന്നിലുള്ളപ്പോൾ കണ്ണ് കഴുകുവാൻ ശീലോഹോമിലേക്ക് അയക്കപ്പെടുന്നു. ദൈവം തെരഞ്ഞെടുക്കുന്ന സ്ഥലങ്ങൾക്ക് പ്രത്യേക സിദ്ധിവിശേഷമുണ്ട്. 2രാജ.5:12 പറയുന്നു നയമാന്റെ ബുദ്ധികെട്ട ചോദ്യത്തേക്കുറിച്ച്. ഓർമ്മശക്തിയെ നദികളായ അർബാനയും...... പിന്നെ ഞാൻ എന്തിന് യോർദ്ദാനിലേക്ക് പോകണം. ഒരു കൊച്ചു പെൺകുട്ടി നയമാന്റെ ബുദ്ധിയെ ഭക്തി പഠിപ്പിക്കുന്നുണ്ട്. അവിടെ ദൈവം എനിക്ക് തെരഞ്ഞെടുത്തു തന്നിരിക്കുന്ന സ്ഥലങ്ങളിൽ ഞാൻ എത്തുമ്പോൾ എനിക്ക് ശീലോഹോം തരുന്ന പുതുവെളിച്ചം അനുഭവവേദ്യമാകുന്നു. ദൈവമേ അയക്കപ്പെട്ടിടത്തേക്ക് പോകാൻ എനിക്ക് ശീലങ്ങളെ തരണമേ. മൈതാനങ്ങളും മുൻസിപ്പൽ സ്റ്റേഡിയങ്ങളും ആത്മീക പേക്കൂത്തുകളുമായി എന്നെ മാടിവിളിക്കുന്നുണ്ട്!

# വൈദിക – അത്മായട്രസ്റ്റിമാരുടെ പ്രചരണത്തിന് യുവജനം മാസിക ഉപയോഗിച്ചതിനെതിരെ വ്യാപകമായ പ്രതിഷേധം

കോട്ടയം : മലങ്കര അസോസിയേഷനിൽ നടന്ന വൈദിക അത്മായ ട്രസ്റ്റി തെരഞ്ഞെടുപ്പുകളിൽ സഭയുടെ ഔദ്യോഗിക സംവിധാനങ്ങൾ നിലവിലുള്ള വൈദിക–അത്മായ ട്രസ്റ്റിമാരുടെ വിജയത്തിനുവേണ്ടി ദുരുപയോഗം ചെയ്തതിൽ മലങ്കരസഭയുടെ വിവിധ ഭദ്രാസനങ്ങളിലും ഇടവകകളിലും വ്യാപകമായ പ്രതിഷേധം ഉയരുന്നു. സഭയുടെ പണവും സ്വാധീനവും മറ്റ് സൗകര്യങ്ങളും സ്ഥാനികൾ സ്വാർത്ഥലാഭത്തിനുവേണ്ടി ദുരുപയോഗം ചെയ്യുകയായിരുന്നു എന്നാണ് ആരോപണം. യുവജനപ്രസ്ഥാനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണമായ യുവജനം മാസികയിൽ രണ്ട് സ്ഥാനാർത്ഥികളെ മാത്രം ഉയർത്തിക്കാട്ടി അഭിമുഖം പ്രസിദ്ധീകരിച്ചതിനോട് യുവജനപ്രസ്ഥാനം പ്രവർത്തകരുൾപ്പെടെയുള്ളവർക്ക് പ്രതിഷേധമുണ്ട്. യുവജനം മാസിക അസോസിയേഷൻ പന്തലിൽ കത്തിക്കാൻപോലും ചില യുവജനപ്രസ്ഥാനം യൂണിറ്റുകൾ തീരുമാനിച്ചിരുന്നു. ഇതുസംബന്ധിച്ച് സഭാമാനേജിംഗ് കമ്മിറ്റി അംഗമായിരുന്ന ഫാ.ഫിലിപ്പ് ജേക്കബ് പ.കാതോലിക്കാ ബാവായ്ക്ക് പരാതി നൽകി. പരാതിയുടെ പ്രസക്ത ഭാഗങ്ങൾ :

റഫറൻസ് – ഓർത്തഡോക്സ് യുവജനം, വാല്യം – 5, ലക്കം –10, ഫെബ്രുവരി 2012, പേജ് 13

സഭയുടെ വൈദികട്രസ്റ്റി സ്ഥാനത്തേക്ക് രണ്ട് വൈദികരും അത്മായട്രസ്റ്റി സ്ഥാനത്തേക്ക് മൂന്ന് അത്മായരും മത്സരിക്കുകയാണല്ലോ. എന്നാൽ സഭയുടെ യുവജനപ്രസ്ഥാനത്തിന്റെ പ്രസിദ്ധീകരണമായ ഓർത്തഡോക്സ് യുവജനത്തിൽ വന്ദ്യ കോനാട്ട് അച്ചന്റെയും ശ്രീ. എം.ജി.ജോർജ് മുത്തൂറ്റിന്റെയും അഭിമുഖങ്ങൾ മാത്രം പ്രസിദ്ധീകരിച്ചിരിക്കുന്നത് അപലപനീയമാണ്. ടി.സ്ഥാനാർത്ഥികൾക്കൊപ്പം എതിർസ്ഥാനാർത്ഥികളെയും പരിചയപ്പെടുത്തുന്നതിനും അവരുടേയും അഭിമുഖങ്ങൾ പ്രസിദ്ധീകരിക്കുന്നതിനുമുള്ള ധാർമ്മിക മാന്യത എഡിറ്റോറിയൽ ബോർഡ് കാട്ടേണ്ടതായിരുന്നു. ആയതിനാൽ ടി. അഭിമുഖങ്ങൾ മാത്രം പ്രസിദ്ധീകരിച്ചതിനെതിരെ നടപടികൾ സ്വീകരിക്കണമെന്നും ഭാവിയിൽ ഇപ്രകാരമുള്ള സമീപനങ്ങൾ ഉണ്ടാകാതിരിപ്പാൻ എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾക്ക് നിർദ്ദേശം നൽകണമെന്നും അപേക്ഷിക്കുന്നു.

**ഫാ.ഫിലിപ്പ് ജേക്കബ്, മൂലമണ്ണിൽ, കുറ്റൂർ പി.ഒ., തിരുവല്ല**

# വി.യൂദാശ്ലീഹായുടെ പ്രാർത്ഥന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി.യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കേണമേ. യാതൊരു സഹായവും ഫലസിദ്ധിയില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കേണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യാ (ആവശ്യം പറയുക) അങ്ങേ സഹായം ഞാനപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ അങ്ങേ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

താമസിച്ചതിന് ക്ഷമാപണം

**ഒരു വിശ്വാസി, കായംകുളം**

# സണ്ടേസ്ക്കൂൾ പ്രസ്ഥാനം നടത്തുന്ന സഹ പാഠ്യ മത്സരങ്ങൾ

എം.എ.ജേക്കബ് പുത്തൻകാവിൽ

ഓർത്തഡോക്സ് സഭയിലെസണ്ടേസ്കൂൾ പ്രസ്ഥാനം സഭയിലെ മറ്റു പ്രസ്ഥാനങ്ങളെക്കാളും എന്നു മാത്രമല്ല സഹോദരീ സഭകളിലെ പ്രസ്ഥാനങ്ങളെക്കാളും ജനകീയവും സുദൃഢവും നിരുപമവും ആകുന്നു. സണ്ടേസ്കൂൾ പ്രസ്ഥാനത്തിലെ ജനകീയതയാണ് എന്നെ കൂടുതലും ആകർഷിച്ചിട്ടുള്ളത്.

ഓരോ സണ്ടേസ്കൂളിലെയും ഹെഡ്മാസ്റ്ററുടെ നിയമനം മുതൽ തന്നെ അതിന്റെ ജനകീയത ദർശിക്കുവാൻ സാധിക്കും. അദ്ധ്യാപകരുടെ ഏകകണ്ഠമായ സമ്മതത്തോടും ഇടവക വികാരിയുടെ അനുവാദത്തോടെയുമാണ് ഹെഡ്മാസ്റ്ററുടെ നിയമനം സാധാരണ ഗതിയിൽ നടക്കുന്നത്. മറ്റു പ്രസ്ഥാനങ്ങളെല്ലാംതന്നെ തെരഞ്ഞെടുപ്പിനേക്കാൾ കൂടുതൽ നാമനിർദ്ദേശത്തെയാണ് ആശ്രയിക്കുന്നതന്ന് ആർക്കാണ് അറിഞ്ഞുകൂടാത്തത്. പ്രസ്തുത സണ്ടേസ്ക്കൂൾ പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ വർഷംതോറും നടത്തുന്ന സഹപാഠ്യ മത്സരങ്ങൾ കുറേക്കൂടി ജനകീയവും ശാസ്ത്രീയവും കാലോചിതവും വ്യാപകവും ആക്കണമെന്നാണ് ഈ ലേഖനം നിർദ്ദേശിക്കുന്നത്.

**സംഗീതമത്സരം**

ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും ശബ്ദം സ്വാഭാവീകമായിതന്നെ വ്യത്യസ്തമായതിനാൽ ഇവർക്കുള്ള സംഗീതമത്സരം പ്രത്യേകം പ്രത്യേകമായി നടത്തണം. ഡിസ്ട്രിക്റ്റ് തലത്തിലുള്ള മത്സരം മുതലെങ്കിലും സംഗീതകലയിൽ പാണ്ഡിത്യം ഉള്ള വ്യക്തികളെ മാത്രമെ ജഡ്ജിമാരായി നിയമിക്കാവൂ. സംഗീതവാസന ഇല്ലാത്തവർക്കും അതു ശാസ്ത്രീയമായി പഠിക്കാത്തവർക്കും എങ്ങനെ കുട്ടികളുടെ കൂട്ടത്തിലെ സംഗീതപ്രതിഭകളെ എങ്ങനെ തെരഞ്ഞെടുക്കുവാൻ കഴിയും?

സഭാവകയായി നടത്തുന്ന സംഗീതമത്സരത്തിൽ മലയാള ഗാനങ്ങളോടൊപ്പം ഇംഗ്ലീഷ്, ഹിന്ദി, സുറിയാനി ഭാഷകളിലും മത്സരം നടത്താവുന്നതാണ്. ലോകഭാഷയായ ഇംഗ്ലീഷ് ഇന്ന് സാർവ്വത്രികമായരിക്കുന്നു. കൂടാതെ അന്യഭാഷാ സംസ്ഥാനങ്ങളിൽനിന്നും വിദേശരാജ്യങ്ങളിൽനിന്നും കേരളത്തിലെത്തി സ്ഥിരതാമസമാക്കിയ ഭവനങ്ങളിലെ കുട്ടികൾക്ക് മലയാള ഭാഷാഗാനങ്ങളെക്കാൾ ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിലെ ഗാനങ്ങളോടായിരിക്കും കൂടുതൽ താൽപര്യം. പ്രസ്തുത ഭാഷകളിലും സംഗീതമത്സരം ഏർപ്പെടുത്തിയാൽ ധാരാളം കുട്ടികളെ സഹപാഠ്യമത്സരങ്ങളിലേക്കും സണ്ടേസ്ക്കൂൾ വിദ്യാഭ്യാസത്തിലേക്കും ആകർഷിക്കുവാൻ കഴിയും. ഇംഗ്ലീഷ് സാർവ്വലൗകിക ഭാഷയാണെങ്കിൽ ഹിന്ദി രാഷ്ട്രഭാഷയാണെങ്കിൽ സുറിയാനി നമ്മുടെ ആരാധനാ ഭാഷയാണ്. സുറിയാനി ഭാഷയിലും സംഗീതമത്സരം ഏർപ്പെടുത്തിയാൽ ഭാവിതലമുറയ്ക്ക് നമ്മുടെ ആരാധനാഭാഷയോട് ഒരു താൽപര്യവും അടുപ്പവും ഉണ്ടാകും എന്നു മാത്രമല്ല ദേവാലയങ്ങളിലെ ആരാധന കൂടുതൽ മനോഹരമാക്കുവാനും കഴിയും.

**പ്രസംഗം**

സഹപാഠ്യമത്സരങ്ങളും കാലോചിതമായി പരിഷ്ക്കരിക്കേണ്ടിയിരിക്കുന്നു. ഇന്ന് മലയാള ഭാഷയിൽ മാത്രമാണ് മത്സരം. ഇംഗ്ലീഷിലും ഹിന്ദിയിലും അന്യസംസ്ഥാനങ്ങളിലെ സണ്ടേസ്ക്കൂളുകളിൽ അവിടുത്തെ പ്രാദേശിക ഭാഷയിലും പ്രസംഗമത്സരം നടത്താവുന്നതാണ്. പ്രസംഗമത്സരത്തിന് ജഡ്ജിമാരെ ഏർപ്പെടുത്തുമ്പോൾ പ്രസംഗ കലയിലും അതാതു ഭാഷകളിലും പാണ്ഡിത്യം ഉള്ളവരെ മാത്രം ഡിസ്ട്രിക്റ്റ് തലം മുതലെങ്കിലും ഏർപ്പെടുത്തേണ്ടതാണ്. സംഗീതമത്സരത്തിനും പ്രസംഗമത്സരത്തിനും പ്രത്യേകം പ്രത്യേകം ജഡ്ജസിനെ ഏപ്പെടുത്തുമ്പോഴുണ്ടാകാനിടയുള്ള അധിക സാമ്പത്തിക ഭാരം പങ്കെടുക്കുന്ന കുട്ടികളിൽനിന്നുമൊ അവരുടെ സണ്ടേസ്ക്കൂളുകളിൽനിന്നുമോ നാമമാത്രമായ ഒരു ഫീസ് വാങ്ങിയാൽ കുറയ്ക്കുവാൻ കഴിയും.

ഓർത്തഡോക്സ് സഭയും മലയാള സാഹിത്യവും തമ്മിൽ ഒരു ബന്ധവും ഇല്ലാത്ത അവസ്ഥയാണെന്നു പറഞ്ഞാൽ അതിൽ അതിശയോക്തി ലവലേശം ഇല്ലെന്നുതന്നെ പറയാം. ക്രിസ്ത്യാനികൾ പത്രം വരുത്തുന്നത് രണ്ടു കാര്യത്തിനാണെന്നാണ് ചിലരൊക്കെ അഭിപ്രായപ്പെടുന്നത്. ഒന്ന് റബറിന്റെ വില അറിയുന്നതിനും രണ്ട് ചരമ വാർത്തകൾ നോക്കുന്നതിനും ആണെന്നാണ്, ഇതിൽ ഒത്തിരി സത്യമില്ലെ. സാഹിത്യതലത്തിലെ വിവിധ ശാഖകളായ കവിത, ചെറുകഥ, ഉപന്യാസം എന്നിവയിലുള്ള മത്സരം സഹപാഠ്യ മത്സരത്തിൽ കൂട്ടിച്ചേർത്താൽ എന്താണ് കുഴപ്പം സംഭവിക്കുന്നത്? ക്രിസ്തീയ പശ്ചാത്തലത്തിൽ എഴുതപ്പെടുന്ന കവിത, ചെറുകഥ, ഉപന്യാസം എന്നിവയിലും മത്സരം ഏർപ്പെടുത്തിയാൽ ദൂരവ്യാപകമായ സൽഫലങ്ങൾ ഉണ്ടാകും. ക്രിസ്തീയ പശ്ചാത്തലത്തിൽ എഴുതപ്പെട്ട കവിതകളുടെ ആലാപനത്തിലും മത്സരം ഏർപ്പെടുത്താവുന്നതാണ്.

വർഷങ്ങളായി എന്റെ മനസ്സിനെ മഥിക്കുന്ന ഒരു വിഷയമാണ് സഹപാഠ്യമത്സരത്തിൽ മാർഗ്ഗംകളിയും ഏർപ്പെടുത്തണം എന്നത്. മാർഗ്ഗംകളി തികച്ചും ക്രിസ്തീയമായ ഒരു കലാരൂപമാണ്. വിദ്യാലയങ്ങളുടെയും യൂണിവേഴ്സിറ്റികളുടെയും സംസ്ഥാന മത്സരങ്ങളിൽ വരെ മാർഗ്ഗംകളി ഉൾപ്പെടുത്തിയിട്ടും നമ്മുടെ സണ്ടേസ്ക്കൂൾ ഭാരവാഹികൾ ഇതിനെക്കുറിച്ച് ഇതുവരെ ചിന്തിക്കാതിരുന്നത് മാപ്പർഹിക്കാത്ത തെറ്റു തന്നെയാണ്. സണ്ടേസ്ക്കൂൾ കുട്ടികളെ പരിശീലിപ്പിക്കുന്നതിനായി ധാരാളം അദ്ധ്യാപകർ ഇന്ന് കേരളത്തിലുണ്ട്. പുരാതന സഭയായ ഓർത്തഡോക്സ് സഭ ഒരു പുരാതക്രിസ്തീയ കലാരൂപമായ മാർഗ്ഗംകളിയോട് ഇതുവരെ കാട്ടിയ അവഗണന കഷ്ടാൽ കഷ്ടതരമാണ്. ദേവാലയങ്ങളിലെ പെരുന്നാളുകൾ സണ്ടേസ്ക്കൂൾ ആദിയായ പ്രസ്ഥാനങ്ങളുടെ വാർഷികങ്ങൾ എന്നിവയോടെല്ലാം അനുബന്ധിച്ച് മാർഗ്ഗംകളി നടത്തുന്നതിൽ തെറ്റില്ല. ചെങ്ങന്നൂർ ഭദ്രാസനത്തിൽപ്പെട്ട ഇടനാട് സെന്റ് മേരീസ് പള്ളിയിലെ പെരുന്നാളിനോട് അനുബന്ധിച്ച് വർഷംതോറും മാർഗ്ഗംകളി നടത്തിപ്പോരുന്നു.

നിരവധി വർഷങ്ങൾ സണ്ടേസ്ക്കൂൾ അദ്ധ്യാപകനായും ഭാരവാഹിയായും പ്രവർത്തിച്ചതിന്റെ പരിചയത്തിലാണ് ഞാൻ ഇത്രയും എഴുതിയത്. സണ്ടേസ്ക്കൂൾ നേതൃത്വവും സഭാനേതൃത്വവും സണ്ടേസ്ക്കൂൾ അദ്ധ്യാപക രക്ഷാകർത്തൃസമൂഹവും മുൻവിധി കൂടാതെ മേൽപറഞ്ഞ കാര്യങ്ങളെക്കുറിച്ച് ചിന്തിക്കുകയും മേൽനടപടികൾ സ്വീകരിക്കുകയും ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു.


## വധുവിനെ ആവശ്യമുണ്ട്

ഓർത്തഡോക്സ് യുവാവ്, 28 വയസ്സ്, 170 സെ.മീ. ഉയരം, എം.എ.ഇക്കണോമിക്സ്, മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡിൽ ബ്രാഞ്ച് മാനേജർ, ഇടത്തരം കുടുംബം, സ്ഥലം : കൊല്ലം പത്തനാപുരം. ദൈവഭയവും ബിരുദവുമുള്ള സാധാരണ കുടുംബങ്ങളിലുള്ള യുവതികളുടെ മാതാപിതാക്കളിൽനിന്ന് ആലോചന ക്ഷണിക്കുന്നു. M4Marry ID No. 2769441, Mob : 9605689689


മനഃശാസ്ത്ര പംക്തി

# കൗമാരക്കാരും അച്ഛനമ്മമാരും അറിയാൻ

ഫാ.എ.വി.തോമസ് ചകിരിയിൽ പിറവം, ഫോൺ : 0485-2265237, 9447183445

മരണത്തിന്റെ ട്രാക്കിലേക്ക് ഓടിക്കയറും മുമ്പ് ഒരു മിനിറ്റ് നിൽക്കൂ.....

പ്രണയം തീക്കളിയാണ്. അവനും അവൾക്കും പിന്നെയൊന്നും ആലോചിക്കാനുണ്ടായിരുന്നില്ല. കാരണം അവരുടെ പ്രണയവുമായി വീട്ടുകാർ ഒരിക്കലും ഒത്തുതീർപ്പിലെത്തില്ലെന്നു തീർച്ചയായിരുന്നു.

കോളജിലേക്കെന്നു പറഞ്ഞാണ് ആ ദിവസം അവൾ വീട്ടിൽനിന്നും ഇറങ്ങിയത്. വഴിയിൽ അവൻ കാത്തുനിൽപ്പുണ്ടായിരുന്നു. അവരൊന്നിച്ച് കടൽത്തീരത്തേക്ക് പോയി. കടലിൽ എടുത്തുചാടും മുമ്പ് കോളജ് ബാഗിലെ ഒരു നോട്ടുബുക്കിൽ അവൾ കുറിച്ചു വീട്ടുകാർക്ക് ശുഭാശംസകൾ. ഒരുദിവസം ഞങ്ങൾ ഒരുമിച്ച് ജീവിച്ചു. ഞങ്ങൾ പോകുന്നു. വിട.

അവരെപ്പോലെ മറ്റുരണ്ടുപേർ - പ്ലസ്ടുവിന് പഠിക്കുന്നതേയുള്ളു ഇവർ. പ്രണയം വീട്ടിൽ ഭൂകമ്പമുണ്ടാക്കിയപ്പോൾ ഒരുദിവസം പെൺകുട്ടി വീടുവിട്ട് ഇറങ്ങിപ്പോയി. ആൺകുട്ടിയുടെ താമസസ്ഥലത്തേക്ക്. തങ്ങളുടെ പ്രണയത്തെ എതിർത്തവരോട് ചുരിദാറിന്റെ ഷോളിലെ കുരുക്കുകൊണ്ട് പ്രതികാരം ചെയ്യാൻ അവർക്ക് മടിതോന്നിയില്ല. മരിച്ചുകിടക്കുമ്പോൾ പെൺകുട്ടിയുടെ നെറ്റിയിൽ ആൺകുട്ടി തൊട്ട സിന്ദൂരമുണ്ടായിരുന്നു.

ഇതുപോലെ ഇനിയുമുണ്ട് പലരും. പ്രണയത്തെ എതിർക്കുന്നവർ ഇവർക്കു മുന്നിൽ ശത്രുക്കളാണ്. ലോകത്തോടു മുഴുവൻ ഇവർക്കു വെറുപ്പാണ്. ആ വെറുപ്പ് തീർക്കാൻ ഒരു കയർകുരുക്കോ, തീവണ്ടിപ്പാളമോ ഒരുപിടി ഉറക്കഗുളികയോ മതി. ബാക്കിയാവുന്നത് കുറേ വേദനിക്കുന്ന ജീവിതങ്ങളാണ്. വളർത്തി വലുതാക്കിയ അച്ഛനമ്മമാർ സ്നേഹംകൊണ്ട് കരുതൽകൊണ്ട് ഭാവിയെ ഓർത്ത് പല കാരണങ്ങളാൽ മക്കളുടെ പ്രണയത്തെ എതിർത്തവർ.

എന്തുകൊണ്ട് കൗമാര ആത്മഹത്യകൾ ഇന്ത്യയിൽ പ്രത്യേകിച്ച് കേരളത്തിൽ ഏറിവരുന്നു. (തുടരും)

## വി. യൂദാശ്ലീഹായുടെ പ്രാർത്ഥന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി.യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കേണമേ. യാതൊരു സഹായവും ഫലസിദ്ധിയില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കേണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യാ (ആവശ്യം പറയുക) അങ്ങേ സഹായം ഞാനപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ അങ്ങേ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

താമസിച്ചതിന് ക്ഷമാപണം

**ലില്ലിക്കുട്ടി പത്തനംതിട്ട**

## പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവെ എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴികാണിച്ച് തരികയും എന്നോട് മററുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവിക ദാനം തരികയും ചെയ്യുന്നവനും എന്റെ ജീവിതത്തിൽ എല്ലാ ദൈവിക ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്ക് ഞാൻ നന്ദി പറയുന്നു. എത്രവലിയ ഭൗതിക ആഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നുഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയോടു കൂടെയായിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് ചേർന്നിരിക്കുന്നു.

ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്ന് ദിവസം അടുപ്പിച്ച് ചൊല്ലുക മൂന്ന് ദിവസത്തിനു ശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും അപേക്ഷിക്കുന്നതിന് മുമ്പ് താഴെപ്പറഞ്ഞിരിക്കുന്ന രണ്ടുകാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും.
2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്രയധികം ആളുകളിൽ എത്തിക്കാമോ അത്ര അധികം ആളുകളിൽ എത്തിക്കും ഇതു പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടിയാണ്.

**ഏബ്രഹാം സഖറിയാ എരുമേലി**


## പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവെ എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴികാണിച്ച് തരികയും എന്നോട് മററുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവിക ദാനം തരികയും ചെയ്യുന്നവനും എന്റെ ജീവിതത്തിൽ എല്ലാ ദൈവിക ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്ക് ഞാൻ നന്ദി പറയുന്നു. എത്രവലിയ ഭൗതിക ആഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നുഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയോടു കൂടെയായിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് ചേർന്നിരിക്കുന്നു.

ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്ന് ദിവസം അടുപ്പിച്ച് ചൊല്ലുക മൂന്ന് ദിവസത്തിനു ശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും അപേക്ഷിക്കുന്നതിന് മുമ്പ് താഴെപ്പറഞ്ഞിരിക്കുന്ന രണ്ടുകാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും.
2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്രയധികം ആളുകളിൽ എത്തിക്കാമോ അത്ര അധികം ആളുകളിൽ എത്തിക്കും ഇതു പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടിയാണ്.


**ശോശാമ്മ കെ.ജി. ചെന്നൈ**

## ഇടവകദിനവും ധ്യാനയോഗവും


ചെന്നൈ : പുഴുതിവാക്കം സെന്റ് തോമസ് മൗണ്ട് ഓർത്തഡോക്സ് ഇടവകയുടെ വാർഷിക ധ്യാനവും ഇടവകദിനവും ആത്മീയസംഘടനകളുടെ വാർഷികവും വിവിധ പരിപാടികളോടെ ആചരിച്ചു. ധ്യാനയോഗത്തിനും വി.കുർബ്ബാനയ്ക്കും ഫാ.ഡോ.എം.ഒ. ജോൺ നേതൃത്വം നൽകി.

**Vol. 18 Issue 10**
**March 16-31**

MALANKARA SABHA DEEPAM
P.B. 611, KOTTAYAM - 686001
Phone - 0481-2585499, Fax - 0481-2585499

REG.No.42799/98/H6
REGISTERED No. KL/KTM/163/2012-2014
Rs.2
LICENCED TO POST WITHOUT PRE-PAYMENT OF POSTAGE
LIC.NO. KL/CR/KTM/WPP - 30/2012-14

**ചിരിവര —————— ജോയി കുളനട**



## കോനാട്ടച്ചന്റെ നിലപാട് മാറ്റത്തിൽ വ്യാപകമായ പ്രതിഷേധം

കോലഞ്ചേരി : കോലഞ്ചേരി, ആലുവ തൃക്കുന്നത്ത് സെമിനാരി പ്രശ്നങ്ങളിൽ യു.ഡി.എഫ് സർക്കാരിനെതിരെ ശക്തമായ നിലപാട് സ്വീകരിച്ചുകൊണ്ടിരുന്ന കോനാട്ടച്ചൻ വൈദികട്രസ്റ്റി സ്ഥാനത്തേക്കുള്ള തെരഞ്ഞെടുപ്പ് കഴിഞ്ഞതിനുശേഷം യു.ഡി.എഫ് സർക്കാരിനെ അനുകൂലിക്കുന്ന നിലപാടിലേക്ക് മാറുന്നതിൽ വടക്കൻ ഭദ്രാസനങ്ങളിൽ വ്യാപകമായ പ്രതിഷേധം ഉയരുന്നു. പിറവം തെരഞ്ഞെടുപ്പിൽ യു.ഡി.എഫ് സർക്കാരിനെ പാഠം പഠിപ്പിക്കും എന്നായിരുന്നു വടക്കൻ ഭദ്രാസനങ്ങളിലെ ഭൂരിപക്ഷം ഓർത്തഡോക്സുകാരുടെയും നിലപാട്. പിറവത്ത് തോറ്റാൽ ഉമ്മൻ ചാണ്ടി സർക്കാർ രാജിവെയ്ക്കേണ്ടിവരും എന്നും കരുതിയിരുന്നു. എന്നാൽ വൈദികട്രസ്റ്റി തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ ഉമ്മൻ ചാണ്ടി സർക്കാർ തുടരേണ്ടത് ആവശ്യമാണ് എന്ന നിലപാടാണ് കോനാട്ടച്ചൻ സ്വീകരിച്ചത്. ഇത് വ്യാപകമായ പ്രതിഷേധത്തിന് കാരണമായിട്ടുണ്ട്. വൈദികട്രസ്റ്റി തെരഞ്ഞെടുപ്പിൽ യു.ഡി.എഫുമായുണ്ടാക്കിയ രഹസ്യധാരണയുടെ പശ്ചാത്തലത്തിലാണ് കോനാട്ടച്ചൻ ഈ രീതിയിൽ മലക്കം മറിഞ്ഞതെന്നും ആരോപണമുണ്ട്.

## മദ്യനിരോധനം – സർക്കാർ വാഗ്ദാനം നിയമമാക്കണം : കേരള മദ്യനിരോധന സമിതി

ആലുവ : റദ്ദാക്കപ്പെട്ടിരുന്ന പഞ്ചായത്ത് നഗരപാലികനിയമം പുനസ്ഥാപിച്ചുകൊണ്ടുള്ള സർക്കാർ പ്രഖ്യാപനം നിയമമാക്കി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ആവശ്യപ്പെട്ട് മുഖ്യമന്ത്രിയേയും മറ്റ് ബന്ധപ്പെട്ട വകുപ്പുമന്ത്രിമാരെയും നേരിൽകണ്ട് അഭ്യർത്ഥിക്കുവാൻ കേരള മദ്യനിരോധന സമിതി സംസ്ഥാന സമിതി തീരുമാനിച്ചു. വാഗ്ദാനം ലംഘിച്ച് പുതിയ ബാറുകൾക്ക് ലൈസൻസ് നൽകുവാനുള്ള സർക്കാർ നീക്കം അപലപനീയമായതിനാൽ മാർച്ച് ആദ്യവാരം സംസ്ഥാന ജനറൽ കൗൺസിൽ വിളിച്ചുചേർത്ത് ശക്തമായി പ്രതികരിക്കുമെന്നും യോഗം മുന്നറിയിപ്പ് നൽകി.

ട്രെയിനിലും റെയിൽവേ സ്റ്റേഷനിലും ഏർപ്പെടുത്തിയിരിക്കുന്ന മദ്യനിരോധന നടപടി തികച്ചും ശ്ലാഘനീയമാണെന്നും പ്രസ്തുത നിയമം ബസ്സുകളിലേക്കും പൊതുസ്ഥലങ്ങളിലേക്കും വ്യാപിപ്പിച്ച് വർദ്ധിച്ചുവരുന്ന അനാശാസ്യ പ്രവർത്തനങ്ങൾ പഴുതുകൾ അടച്ച് തടയണമെന്നും യോഗം അധികൃതരോഭ്യർത്ഥിച്ചു.

സംസ്ഥാന പ്രസിഡന്റ് റവ.ഡോ.ജേക്കബ് മണ്ണാറപ്രായിൽ കോർഎപ്പിസ്കോപ്പാ അദ്ധ്യക്ഷത വഹിച്ചു. ഇയ്യച്ചേരി കുഞ്ഞികൃഷ്ണൻ, പ്രൊഫ.ടി.ടി.കുറിയാക്കോസ്, ഫാ.വർഗീസ് മുഴുത്തേറ്റ്, ഫാ.തോമസ് ചകിരിയിൽ, ഖദീജാ നർഗീസ്, സി.സി.സാജൻ, ഇസാബിൻ അബ്ദുൾ കരീം എന്നിവർ പ്രസംഗിച്ചു.

## പഴന്തോട്ടം സെന്റ് മേരീസ് പള്ളി : ഓർത്തഡോക്സ് സഭയുടെ ഹർജി ഹൈക്കോടതി തള്ളി; യാക്കോബായ വിഭാഗം മെത്രാപ്പോലീത്തന്മാർ പള്ളിയിൽ പ്രവേശിച്ച് കുർബ്ബാന അർപ്പിച്ചു

കൊച്ചി : പഴന്തോട്ടം സെന്റ് മേരീസ് പള്ളി 1934-ലെ ഭരണഘടന പ്രകാരം ഭരിക്കണമെന്ന് ആവശ്യപ്പെട്ട് ഓർത്തഡോക്സ് വിഭാഗം നൽകിയ കേസ് ഹൈക്കോടതി തള്ളി. 1996-ലും പള്ളിക്കോടതി വിധിയും ഹൈക്കോടതി തള്ളി. 38 വർഷമായി ഓർത്തഡോക്സ് സഭയുടെ കൈവശമിരിക്കുന്നതായ പള്ളിയിൽ തൽസ്ഥിതി തുടരണമെന്ന് ആവശ്യപ്പെട്ട് ഓർത്തഡോക്സ് വിഭാഗം ഹൈക്കോടതിയെ സമീപിച്ചുവെങ്കിലും ഹൈക്കോടതി ആ ആവശ്യം നിരാകരിച്ചു. ഇതേ തുടർന്ന് യാക്കോബായ വിഭാഗത്തിലെ മെത്രാപ്പോലീത്തന്മാരായ ഏലിയാസ് മാർ അത്താനാസിയോസ്, മാത്യൂസ് മാർ അപ്രേം, കുറിയാക്കോസ് മാർ യൗസേബിയോസ് തുടങ്ങിയവർ പള്ളിയിൽ പ്രവേശിച്ച് വി.കുർബ്ബാന അർപ്പിച്ചു. 38 വർഷമായി കേസ് നിലനിൽക്കുന്ന പള്ളിയാണ് അങ്കമാലി ഭദ്രാസനത്തിൽപ്പെട്ട പഴന്തോട്ടം സെന്റ് മേരീസ് പള്ളി. ഓർത്തഡോക്സ് വിഭാഗത്തിൽപ്പെട്ട മത്തായി ഇടയനാൽ കോർ എപ്പിസ്കോപ്പായാണ് ദീർഘകാലമായി ഇടവക വികാരിയായി സേവനം അനുഷ്ഠിക്കുന്നത്. അടുത്ത കാലത്തുണ്ടായ കോടതിവിധികളിൽ ഓർത്തഡോക്സ് സഭയ്ക്കുണ്ടായ പരാജയങ്ങളിൽ ഏറ്റവും വലുതാണ് പഴന്തോട്ടം പള്ളി കൈവിട്ടുപോയതെന്ന് വിലയിരുത്തപ്പെടുന്നു.

## ഗ്രിഗോറിയൻ അവാർഡ്ദാന ബൈബിൾ ക്വിസ് – 2012

തിരുവനന്തപുരം : മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് ക്രിസ്ത്യൻ മേഴ്സി ഫെലോഷിപ്പിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം ഓർത്തഡോക്സ് സ്റ്റുഡന്റ് സെന്ററിൽവെച്ച് ഏപ്രിൽ 28 ശനിയാഴ്ച 10 മുതൽ 5 വരെ അനുപാ ഏബ്രഹാം മെമ്മോറിയൽ എവർ റോളിംഗ് ഗോൾഡൻ ട്രോഫിക്കുവേണ്ടിയുള്ള ക്വിസ്മത്സരം നടത്തപ്പെടുന്നു. വി.വേദപുസ്തകം, ആരാധന, സഭാചരിത്രം, ബൈബിൾ പൊതുവിജ്ഞാനം എന്നിവയാണ് മത്സരവിഷയങ്ങൾ. മത്സരത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന ഓർത്തഡോക്സ് സഭാവിശ്വാസികൾ ഡയറക്ടർ/കൺവീനർ, ഗ്രിഗോറിയൻ ബൈബിൾ ക്വിസ്, എം.ജി.ഒ.സി.എസ്.എം.എഫ്. ഓർത്തഡോക്സ് സ്റ്റുഡന്റ്സ് സെന്റർ, തിരുവനന്തപുരം-1 എന്ന വിലാസത്തിൽ ബന്ധപ്പെടുക.

## സ്നേഹസന്ദേശം ശുശ്രൂഷകൾ ദോഹയിൽ നടത്തി

മലങ്കര ഓർത്തഡോക്സ് സഭയുടെ സഞ്ചാര സുവിശേഷ വിഭാഗമായ സ്നേഹസന്ദേശത്തിന്റെ ശുശ്രൂഷകൾ മൂന്നുനോമ്പ് ദിവസങ്ങളിൽ ദോഹ ഓർത്തഡോക്സ് പള്ളിയിൽ നടത്തി. ജനുവരി, ഫെബ്രുവരി മാസങ്ങളിൽ മലപ്പുറം, പാതിക്കോട് സെന്റ് മേരീസ്, വാഴത്തോപ്പ് സെന്റ് മേരീസ്, മേപ്രാൽ സെന്റ് ജോൺസ്, പരുമല പള്ളി, നിരണം ഇലഞ്ഞിക്കൽ ചാപ്പൽ, മാന്തുരുത്തേൽ സെന്റ് ജോൺസ്, അറത്തിൽ സെന്റ് ജോർജ് മഹായിടവക എന്നിവിടങ്ങളിൽ നടത്തുകയുണ്ടായി.

മാർച്ച് ഏപ്രിൽ മെയ് മാസങ്ങളിൽ പുളിക്കീഴ് സെന്റ് മേരീസ്, വല്ലേലി സണ്ടേസ്ക്കൂൾ, പത്തിച്ചിറ സെന്റ് ജോൺസ്, വളഞ്ഞവട്ടം സെന്റ് ജോർജ്, മുത്തൂർ സെന്റ് ജോർജ്, കിഴക്കേതെരുവ് സെന്റ് ജോർജ്, കുളത്തുപ്പുഴ സെന്റ് ജോർജ്, നെടുമ്പാറ സെന്റ് ജോർജ് എന്നിവിടങ്ങളിൽ നടത്തും. ഫാ.ഗീവർഗീസ് കെ.കെ.നല്ലില, ഫാ.മത്തായി സഖറിയാ, ഫാ. ബോബി ഡാനിയേൽ, സി.വി.ജോസ്, അജി വർഗീസ്, ബിജു വർഗീസ്, ഷിജു തുടങ്ങിയവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. ശുശ്രൂഷകൾ ആവശ്യമുള്ളവർ ബന്ധപ്പെടുക : 0479-2302473, 9447564824

## ഒന്നാം ചരമവാർഷികം

19-03-2012



**എം.റ്റി.ഫിലിപ്പ് (റിട്ട.എസ്.പി.)**
**മാമ്പ്രക്കുഴിയിൽ ആറൊന്നിൽ കുടുംബം**
**റാന്നി പെരുനാട്**

Printed, Published and owned by Fr. Dr. M.O. John . Printed at Udaya Offset Printers, Chungam, Kottayam - 686 001 and Published at Kottayam. Editor: Kunjumon T. Omallor